# കർമ്മല കുസുമം.

പുസ്തകം ൨൩ } ൧൯൨൭ നവംബർ. { ലക്കം ൧൧

## ശുദ്ധീകരാത്മ കീൎത്തനം.

ഹിന്തുസ്ഥാൻ തോടി. (അമാരനബി മട്ട്) ആദിതാളം.

പല്ലവി.

ത്രിലോകനാഥെ! മാതെ! കാലിണ പണിയുന്നേൻ.

അനുപല്ലവി.

കാലിണ പണിയുന്നേൻ– ത്രിലോകനാഥെ! മാതെ! ത്രി.

ചരണങ്ങൾ.

ശുദ്ധി ലഭിച്ചീടുവാൻ– ശുദ്ധീകരസ്ഥലെ
ബദ്ധപ്പെട്ടീടുന്ന നിൻ പുത്രരെ കാക്ക.

൨. വെന്തിഞ്ഞം നൽകി നീ– സന്തോഷപൂൎവ്വം ചൊന്ന
സാന്ത്വനമോൎത്തു നീ നിൻ പുത്രരെ കാക്ക. ത്രി.

൩. ദേഹം വെടിഞ്ഞൊരു– ദേഹിയെ മന്ദവാരെ
ഗേഹത്തിലാക്കീടുമെന്നു ചൊല്ലിയൊരു ത്രി.

൪. സന്താപലീനർക്കു– സന്തോഷം നൽകുവാൻ
കൊന്തയാം മാല്യത്തെ മായംവിനാ തന്ന ത്രി.

൫. ആരും തുണയെന്യെ–പാരം തപിക്കുന്ന
നരദേഹിയെ നിൻ കടാക്ഷത്താൽ പാലിക്ക. ത്രി.

൬. ഞങ്ങൾക്കായി ക്രൂശതിൽ–മങ്ങിയ മുഖത്തോടെ
തൂങ്ങിയ നിൻ പുത്ര ഖേദങ്ങളോൎക്കണെ. ത്രി.

വടക്കയിൽ മത്തായികത്തനാർ.

## പ്രസാധകക്കുറിപ്പുകൾ.

### വൃശ്ചികമാസം.

ജീവിതകാലത്തിൽ നമ്മുടെ പ്രേമഭാജനങ്ങളായിരുന്നിട്ടുള്ള ആളുകൾ മരണംവഴിയായി നമ്മിൽനിന്നു അകന്നുപോയാലും അവരെ ആശ്വസിപ്പിക്കുന്നതിനും സഹായിക്കുന്നതിനും നമുക്കു പ്രാപ്തിയുണ്ടെന്നുള്ളതു കത്തോലിക്കാസഭയുടെ അനിതരമത സാധാരണവും അത്യന്തം ആശ്വാസപ്രദവുമായ ഒരു പഠിനമാകുന്നു. ആകയാൽ ഞങ്ങൾ അന്യത്രചേൎത്തിട്ടുള്ള ഒരു ഇടയലേഖനത്തിലേക്കു വായനക്കാരുടെ ശ്രദ്ധയേ ഈ മാസത്തിൽ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

## ആട്ടത്തിരുനാളുകൾ.

തിരുവിതാംകൂർ മഹാരാജാവു് ശ്രീചിത്തിര തിരുനാൾ തിരുമനസ്സിലെ ആട്ടത്തിരുനാൾ ഈ മാസം 14-ാം നു- ശനിയാഴ്ചയും റീജൻറു് മഹാറാണി തിരുമനസ്സിലെ തിരുനാൾ ഈ മാസം 20-ാം നു- ഞായറാഴ്ചയുമാണു്. ചുരുങ്ങിയകാലത്തിന്നിടകൊണ്ടു സകല ജനങ്ങളുടെയും നിസ്തുലസ്നേഹാദരങ്ങൾക്കു പാത്രീഭവിച്ചിട്ടുള്ള ഈ പൂജ്യതിരുമേനികൾ ആയുരാരോഗ്യസൌഭാഗ്യസമേതം ചിരകാലം വാഴുന്നതിനു നാം ഈ തിരുനാളവസരങ്ങളിൽ ഉള്ളഴിഞ്ഞു സർവ്വശക്തനോടു പ്രാർത്ഥിക്കേണ്ടതു നമ്മുടെ ഒഴിച്ചുകൂടാത്ത ചുമതലയാണെന്നുമാത്രമേ ഈ തരുണത്തിൽ ഞങ്ങൾക്കു ഞങ്ങളുടെ മാന്യവായനക്കാരേ അറിയിക്കേണ്ടതായിട്ടുള്ളു.

## കത്തോലിക്ക രാജാവും രാജ്ഞിയും.

ലോകമഹായുദ്ധത്തിൽ പ്രദർശിപ്പിച്ച നീതിബോധം നിമിത്തം നിഖിലജാതികളുടെയും നിരന്തരാഭിനന്ദനത്തിനു പാത്രീഭവിച്ചിട്ടുള്ള ബൽജിയത്തിലെ ആൽബർട്ടു് മഹാരാജാവും അവിടത്തെ പട്ടമഹിഷിയും കഴിഞ്ഞ സെപ്റ്റംബർ അവസാനത്തോടെ ഇൻഡ്യയിൽ എത്തുകയും അഞ്ചുവാരത്തിലധികം ഉത്തര ഇൻഡ്യയിൽ പല സ്ഥലങ്ങൾ സന്ദർശിക്കയുംചെയ്ത സംഭവം ഭാരതീയകത്തോലിക്കർക്കു് പൊതുവേ അഭിമാനഹേതുകവും ഇൻഡ്യയുടെ ചരിത്രത്തിൽ സാദരസ്മരണാർഹവുമാണെന്നുള്ളതിനു സംശയമില്ല. ഇൻഡ്യയിലേ കത്തോലിക്കാ മതത്തിൻെറ പ്രാഭവം കേരളത്തിൽ വന്നല്ലാതെ പൂർണ്ണമായി ഗ്രഹിപ്പാൻ സാദ്ധ്യമല്ലാത്തതിനാലും, ബൽജിയംകാരായ അനേകമിഷ്യനറിമാർ ഇവിടെയും ജോലിചെയ്തുവരുന്നസ്ഥിതിക്കും തിരുമേനിമാർ ഈ രാജ്യംകൂടെ സന്ദർശിക്കേണ്ട ആവശ്യകതയുണ്ടായിരുന്നു. ഇനിയും അതിലേക്കു സമയം ഇല്ലായ്കയുമില്ല. ഏതായാലും കേരളീയ കത്തോലിക്കകോൺഗ്രസ്സ് വകയായി ഈ കത്തോലിക്ക രാജദമ്പതിമാർക്കു അയച്ച സ്വാഗതാശംസ സർവ്വഥാ അവസരോചിതമായിരുന്നെന്നു പ്രസ്താവിച്ചുകൊള്ളട്ടെ.

## പഴഞ്ചരക്കുവ്യാപാരം.

കത്തോലിക്കാസഭയ്ക്കെതിരായി വല്ലതും പറയാഞ്ഞാൽ എന്തെന്നില്ലാത്ത ഒരു അസുഖം അകത്തോലിക്കസഹോദരന്മാർക്കു് പ്രായേണ കണ്ടുവരുന്നതിൽ അത്ഭുതപ്പെടാനില്ലല്ലൊ. വിദേശകത്തോലിക്കർ തള്ളിത്തകർത്തറിയുന്ന ചില അകത്തോലിക്ക വാദങ്ങളേ പെറുക്കി കൂട്ടി പുതുമോടിപിടിപ്പിച്ചു് രംഗത്തു കൊണ്ടുവരികയായിരുന്നു ഈ നാട്ടിലുള്ളമുറ. എന്നാൽ ഇവിടെത്തന്നെ പലതവണ തള്ളിയുടച്ച ചില പഴഞ്ചരക്കുകളേ പുതുമേനിവരുത്തി പുറത്തെടുക്കുന്നതിനു് ചില വിദ്വാന്മാർഇപ്പോൾ ഉദ്യമിച്ചുകാണുന്നതിൽ ആശ്ചര്യപ്പെടുകയല്ലാതെ ഗത്യന്തരമില്ല. "പരിശുദ്ധറൂഹായുടെ പുറപ്പാടി"നേപ്പറ്റി "മലങ്കരസഭാമിത്രം" എന്ന ഒരു യാക്കോബായ മാസികയിൽ ഈയിട കണ്ട ഒരു ലേഖനമാണു് ഇത്രയും പറവാൻ ഇടയാക്കിയതു്. പരിശുദ്ധാത്മാവു് പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നുവെന്നു് കത്തോലിക്കാസഭ പഠിപ്പിക്കുന്നതു് അബദ്ധമാണെന്നും, ബാവായിൽനിന്നു മാത്രമാണു് പുറപ്പെടുന്നതെന്നു് ഒസ്താത്തിയോസുബാവാ "മ്ശിഹൈക്യസ്വഭാവം" എന്ന പുസ്തകത്തിൽ സകാരണം എഴുതിയിട്ടുണ്ടെന്നുമാണു് ലേഖനത്തിൻെറ ചുരുക്കം. എത്ര പ്രാവശ്യം കത്തോലിക്കർ ഖണ്ഡിച്ചിട്ടുള്ള വാദമാണിതെന്നും, "മ്ശിഹൈക്യസ്വഭാവം"തന്നെ ആരുടെയെല്ലാം ചതകൊണ്ടിട്ടുണ്ടെന്നും അറിയാതെയാണു് ലേഖകൻ ഈ പഴഞ്ചരക്കും കൊണ്ടു് ചാടിപ്പുറപ്പെട്ടിരിക്കുന്നതെന്നു കാണുന്നതിൽ ഞങ്ങൾ നിർവ്യാജം ദുഃഖിക്കുന്നു. എഫേസൂസ് സൂനഹദോസിനുശേഷം കത്തോലിക്കാസഭ പുത്തനായി കണ്ടുപിടിച്ച ഒരു പഠനമല്ല ഇതെന്നും, ആരംഭത്തിലുണ്ടായിരുന്ന പഠനത്തേപ്പറ്റി തർക്കം നേരിട്ടപ്പോൾ, തൻെറ അധികാരപ്രകാരം അതിനേ വ്യാഖ്യാനിച്ചു നിർണ്ണയിക്ക മാത്രമാണു് സഭ ചെയ്തതെന്നും ചുരുക്കത്തിൽ ലേഖകൻ ഇനിയെങ്കിലും മനസ്സിലാക്കിയിരുന്നാൽ കൊള്ളാം.

# മരിച്ചവൎക്കുവേണ്ടിയുള്ള പ്രാൎത്ഥന.

(റൈററ്. റവ. മോൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കൽ അവർകളുടെ ഒരു ഇടയലേഖനത്തിൽ നിന്ന്.)



"മരിച്ചവർ തങ്ങളുടെ പാപങ്ങളിൽ നിന്ന് വിമോചിതരാകുന്നതിനുവേണ്ടി പ്രാൎത്ഥിക്കുന്നതു് വിശുദ്ധവും ഫലപ്രദവുമായ ഒരു ചിന്തയാകുന്നു." (2. മക്കാബേ 12. 46)

കത്തോലിക്കാ തിരുസഭയെ വിജയസഭ, യുദ്ധസഭ, പീഡിതസഭ എന്നിങ്ങനെ മൂന്നു വകുപ്പുകളായി വിഭജിച്ചിരിക്കുന്നു. ഇവർ മൂന്നു സ്ഥലത്തു് വസിച്ചിരുന്നാലും ഒരേസഭയുടെ മക്കളും ഒരേ മാതാവിൻെറ ശിക്ഷാ ക്രമത്തിൽ വളൎത്തപ്പെട്ടവരും സഹോദര ബന്ധം മൂലം ആവശ്യങ്ങളിൽ അന്യോന്യം സഹായിക്കുന്നതിനും, മഹത്വത്തിൽ അന്യോന്യം സന്തോഷിക്കുന്നതിനും, സന്താപത്തിൽ അന്യോന്യം സഹതപിക്കുന്നതിനും കടപ്പെട്ടിരിക്കുന്നവരുമാകുന്നു. ഇവരെല്ലാവരും ഒരേ രക്ഷകൻെറ പീഡാനുഭവത്താലും മരണത്താലും രക്ഷിക്കപ്പെട്ടകയും, ഒരേ സംരക്ഷകൻെറ മാംസത്താലും രക്തത്താലും പോഷിപ്പിക്കപ്പെട്ടകയും ചെയ്തുകൊണ്ടു ഒരേ നിത്യസമ്മാനത്തിൻെറ അവകാശികളായി തീൎന്നിരിക്കുന്നവരാകുന്നു. യുദ്ധസഭാംഗങ്ങളായ നമുക്കു ധൈൎയ്യം നൽകുന്ന ഈ ഏക രക്ഷകൻതന്നെയാകുന്നു വിജയസഭയ്ക്കു മഹത്വത്തേയും, പീഡിതസഭയ്ക്കു് ആശ്വാസത്തേയും പ്രദാനം ചെയ്യുന്നതു്. മനുഷ്യശരീരത്തിൽ ഒരു അംഗം മറെറാരംഗത്തെ ശുശ്രൂഷിക്കുന്നതുപോലെ നാം ആവശ്യങ്ങളിൽ അന്യോന്യം സഹായിക്കണമെന്നു് അവിടന്നു് ആഗ്രഹിക്കുന്നു.

യുദ്ധത്തിൽ മൃതരാകുന്ന നരകവാസികളെ ആരും ഓൎക്കുന്നില്ല; അവർ സഭയുടെ ഐക്യത്തിൽ നിന്നു പിരിഞ്ഞുപോയിരിക്കുന്നു. വിജയികളാകുന്നവരെ സ്ഥാനമാനങ്ങൾ മൂലം മഹത്വപ്പെടുത്തുകയും മുറിവേററവരെ സുഖപ്പെടുത്തുകയും ചെയ്യുന്നതിൽ എല്ലാവരും ഉൽസുകരായിരിക്കുന്നു; മുറിവേററിരിക്കുന്നവരും വിജയമഹത്വത്തിനു് അൎഹതയുള്ളവർതന്നെ. എങ്കിലും, "ഇതാ എന്നിൽതന്നെ എനിക്കു യാതൊരു സഹായവുമില്ല. എൻെറ പരിചിതരായ സ്നേഹിതന്മാർകൂടെയും എന്നിൽനിന്നു് അകന്നിരിക്കുന്നു." (ജോബ് 19. 13.) എന്നുള്ള വിശുദ്ധ ജോബിൻെറ നിലവിളിയെത്തന്നെ സൎവ്വദാ നവീകരിച്ചുകൊണ്ടിരിക്കുന്ന ഇവരുടെമേൽ നിങ്ങൾക്കു ദയവുണ്ടാകേണ്ടതല്ലയോ?

വി. തോമസ്സ് അക്വിനാസ്സ് പറയുന്നതുപോലെ ശുദ്ധീകരണസ്ഥലത്തിലെ ഏററവും ചെറിയ വേദന സൎവ്വ രക്തസാക്ഷികളുടെ വേദന ഏകീകരിച്ചാൽ ഉണ്ടാകുന്നതിനേക്കാൾ ഉഗ്രതരമാകുന്നു.

നമ്മുടെ മാതാവായ തിരുസഭ പീഡ അനുഭവിക്കുന്നവരായ ഇവരോടു പ്രത്യേകകാരുണ്യം പ്രദർശിപ്പിക്കുകയും, പ്രതിദിനം സമർപ്പിക്കപ്പെടുന്ന എല്ലാ ദിവ്യ പൂജകളിലും സഭയുടെ പൊതുവായ പ്രാർത്ഥനകളിലും ഇവരെ പ്രത്യേകം സ്മരിക്കയും, തൻെറ ഭണ്ഡാരം തുറന്നു് ഇവർക്കായി ധാരാളം ദണ്ഡവിമോചനങ്ങൾ നൽകുകയും ദിവസന്തോറും സന്ധ്യയ്ക്കുള്ള പ്രാർത്ഥനയുടെ അവസാനത്തിലും ഓരോരുത്തരുടെ മരണാവസരത്തിലും മണിനാദംമൂലം ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനു് വിശ്വാസികളെ ക്ഷണിക്കയും ചെയ്യുന്നു. ആഴ്ചയിൽ ഒരു ദിവസത്തേയും ആണ്ടുവട്ടത്തിൽ ഒരു മാസത്തേയും ഇവർക്കായി സമർപ്പിച്ചിരിക്കുന്നു.

ചില ഭക്തിയുള്ള ക്രിസ്ത്യാനികൾ തങ്ങളുടെ സകല സൽകൃത്യങ്ങളും സൽപ്രവൃത്തികളും നിത്യമായി ഇവർക്കുവേണ്ടി സമർപ്പിക്കുന്നു. തിരുസ്സഭ പാവനമായ ഈ ധീരകൃത്യത്തെ അഭിനന്ദിക്കയും ഈ സൽകൃത്യത്തെ അനുകരിക്കുന്ന പട്ടക്കാർക്ക് എവിടെ ദിവ്യപൂജ അർപ്പിച്ചാലും സ്വയവരപീഠത്തിൻെറ അനുമതിയും, വിശ്വാസികൾക്ക് ദിവ്യകാരുണ്യം ഉൾക്കൊള്ളുമ്പോഴും, തിങ്കളാഴ്ച കുർബ്ബാന കാണുമ്പോഴും പൂർണ്ണദണ്ഡവിമോചനവും കല്പിച്ചുകൊടുക്കുകയും, ഈ ദണ്ഡവിമോചനങ്ങൾതന്നെയും ഇവർക്കുവേണ്ടി സമർപ്പിക്കുന്നതിനു സമ്മതിക്കുകയും ചെയ്തിരിക്കുന്നു (൧൩-ാം ബനദിക്തോസു്)

"പ്രാപ്തിയുള്ളവനെ നന്മപ്രവൃത്തികളിൽ നിന്നു വിരമിപ്പിക്കരുതു്. നിനക്കു പ്രാപ്തിയുണ്ടെങ്കിൽ നീയും നന്മചെയ്യുക" എന്നല്ലയോ ജ്ഞാനിയായ സ്ലേമ്മോൻ തൻെറ സുഭാഷിതങ്ങളിൽ നമ്മോടു് ഉപദേശിക്കുന്നതു്? ഇത്ര കഠിനമായ പീഡകൾ സഹിക്കുന്ന ഇവർ നിങ്ങളുടെ മാതാപിതാക്കന്മാരും സഹോദരീ സഹോദരന്മാരുമല്ലയോ? നിങ്ങളുടെ അനുകമ്പയുടേയും, ഔദാര്യത്തിൻേറയും പ്രഥമഫലം - അനുഭവിക്കേണ്ടതു് നിസ്സഹായരായി ഇപ്പോൾ ദയനീയാവസ്ഥയിൽ കഷ്ടപ്പെടുന്ന ഈ ആത്മാക്കളല്ലയോ? കരുണയുള്ളവർ കരുണലഭിക്കുമെന്നും, നിങ്ങൾ അളക്കുന്ന അളവുകൊണ്ടുതന്നെ നിങ്ങൾക്കും അളക്കപ്പെടുമെന്നും നിങ്ങൾ ഓർമ്മിക്കേണ്ടിയിരിക്കുന്നു. നിങ്ങളുടെ പരോപകാര തല്പരതയുടെ തോതനുസരിച്ചുതന്നെയായിരിക്കും ശുദ്ധീകരണസ്ഥലത്തിൽ നിങ്ങൾക്കു ലഭിക്കുന്ന ആശ്വാസവും.

ഇവർ, കശ്മലരായ ദൈവനീതിയാൽ ഈവിധം പീഡിപ്പിക്കപ്പെടുന്നുണ്ടെങ്കിലും, ലോകത്തിൽ ശുദ്ധീകരണവരപ്രസാദത്താൽ ദൈവത്തോടു് ഏററം ഗാഢമായി ബന്ധിക്കപ്പെട്ടിരിക്കുന്നവരും നശിച്ചുപോകുവാൻ പാട്ടുള്ളവരുമായ നീതിമാന്മാരേക്കാൾ ദൈവത്തിനു് ഇഷ്ടപ്പെട്ടവരും, നമ്മെ സഹായിപ്പാൻ പ്രാപ്തിയുള്ളവരുമാകുന്നുവെന്നും നാം ഓർമ്മിക്കേണ്ടതാകുന്നു.

അതിനാൽ, എല്ലായ്പ്പോഴും, പ്രത്യേകം ശുദ്ധീകരാത്മാക്കൾക്കായി പ്രതിഷ്ഠിച്ചിരിക്കുന്ന ഈ നവംബർ മാസത്തിലും, നിങ്ങളുടെ ആദരതയുടേയും ഔദാര്യത്തിൻേറയും വിശിഷ്ടഫലങ്ങളെ നിങ്ങൾ ഇവർക്കായി പ്രദാനം ചെയ്യണം. നിങ്ങളുടെ ദാനധർമ്മം കുമ്പസാരം കുർബ്ബാന, വിയാസാക്രൂ, മററു ഭക്തി കൃത്യങ്ങൾ ആദിയായവയല്ലാ പുറമെ, നിങ്ങളുടെ ഊണു്, ഉറക്കം മുതലായ സാധാരണപ്രവൃത്തികൾതന്നെയും ഇവർക്കുവേണ്ടി കാഴ്ചവച്ചുകൊണ്ടും, പാട്ടുള്ളവർ കുർബ്ബാന അന്നീദാ മുതലായവ നടത്തിച്ചുകൊണ്ടും ഇവരെ സഹായിക്കാവുന്നതാകുന്നു.

---

ദീർഘകാലം മാന്നാനം സെൻറു് എഫ്രേംസ് ഹൈസ്കൂൾ മാനേജരായും പുളിംകുന്നു, വാഴക്കുളം, കുര്യനാടു് മുതലായ ആശ്രമങ്ങളുടെ ശ്രേഷ്ഠനായും പൊതുജനങ്ങളുടെ പ്രീതിക്കുപാത്രീഭവിച്ചിട്ടുള്ള ക. നി. മൂ. സ. ബ. ഫില്ലോമേയൂസച്ചൻ അവർകളുടെ ഗുരുപ്പട്ട രജതജൂബിലി ഒക്ടോബർ 21-ാംനു- മുത്തോലി സെൻറു് ആൻറനീസ്സ് ഇംഗ്ലീഷ് സ്കൂളിൽവച്ചു അദ്ദേഹത്തിൻെറ ശിഷ്യന്മാർ സാഘോഷം കൊണ്ടാടിയിരിക്കുന്നു.

## പ്രേമാമൃതം. (ഗാഥ)

(തുടർച്ച)

രക്ഷയും ദൈവാഭിവീക്ഷണവും നമു-
ക്കൊക്കെയും തന്നുള്ള പീഡയെല്ലാം,
രക്തവിയർപ്പു മിസ്സംഗതിയെപ്പരം
വ്യക്തമാക്കീടുന്ന സാക്ഷ്യമല്ലോ. 13

സോത്സാഹമീശോയെ സർവ്വരും കൈക്കൊണ്ടു
തൽസ്നേഹമാശിച്ചിരന്നു കൊൾവിൻ:
തീക്ഷ്ണതയോടേശുനാഥനെത്തേടുവിൻ,
ധൈര്യത്തിലേറുവിൻ തേടിടുമ്പോൾ. 14

സ്നേഹാത്തനെ പ്രതിസ്നേഹിച്ചുകൊള്ളുവിൻ.
സ്നേഹപ്രതീകാരമേകിടുവിൻ,
തൻസുഗന്ധത്തിലേക്കോട്ടുവിൻ, ലബ്ധത്തി-
നൊത്തതദ്ദിവ്യനും നൽകീടുവിൻ. 15

കാരുണ്യമൂലമാമീശോ! സുമോദങ്ങൾ-
ക്കാരംഭമങ്ങൊഴിഞ്ഞാരിരിപ്പൂ!
മാധുര്യ്യദൈവദാനങ്ങൾക്കു വേരങ്ങ്,
ഹൃത്താരിനുള്ള പീയൂഷവും നീ. 16

മൽപ്രേമപാത്രമാമീശോ! ഭവൽസ്നേഹ-
മെത്രമേലെന്നുഞാൻ കണ്ടിടട്ടെ:
തൽപ്രതാപം സമീപസ്ഥനായ്ക്കാണ്മാൻ,
കർത്താവേ! നന്മചെയ്യേണമെമെ. 17

നിൻകാര്യമോതാന ശക്തനാകുന്നു ഞാ-
നെങ്കിലും മിണ്ടാതിരിക്കയില്ല:
സ്നേഹാതിരേകാൽ തുനിയുന്നു ഞാനെനി-
ക്കുള്ളാഹ്ലാദമേകമങ്ങാക മൂലം. 18

(തുടരും)

തൽസ്നേഹമീശോയേ! ചിത്തസമ്മോദത്തെ
വർദ്ധിതമാക്കും വിരുന്നുതന്നെ:
പുഷ്ടമാക്കുന്നലംഭാവം വരുത്താതെ
സൃഷ്ടമാക്കുന്നാശ മേല്ക്കുമേലായ്. 19

ക്ഷുത്തു വർദ്ധിക്കുന്നു നിന്നെബ്ഭുജിക്കുവോ-
ർക്കത്യന്തദാഹം കുടിപ്പവർക്കും:
തങ്ങൾ സ്നേഹിച്ചീടുമീശോയൊഴിച്ചന്യ-
മിംഗിതമാകുവാനില്ല ബോധം. 20

ഉന്മാദമാക്കു നിൻസ്നേഹാൽ ബ്ഭവിപ്പവൻ
തന്മാനസംഗ്രഹിക്കുന്നുനാഥ!
തൃപ്തിയാർക്കുന്ന തൽപ്പുമാൻ ഭാഗ്യവാൻ:
തൽപരം വേറെന്തു വാഞ്ഛിക്കുവൻ? 21

ദൈവത്വത്തക്കലങ്കാരമീശോഭവാൻ!
ദിവ്യഗാനം ചെവിക്കുണ്ടുതന്നെ,
അത്യന്തമാശ്ചര്യ്യമാക്ഷികം വായിക്കു,
ഹൃത്തിനോവാനിൻ സുധയുമത്രെ. 22

ആയിരംവട്ടാസ്വദിക്കുന്നുനിന്നെ ഞൻ,
ഹാ! യേശുനീയെന്നുവന്നുചേരും?
സന്തോഷചിത്തനായ്ത്തീർക്കുന്നതെന്നുമാം?
സംതൃപ്തിനിന്നിലെന്നേകിടുംമെ? 23

നിന്നിൽബ്ഭവിക്കും നിരന്തരാശാലവ-
സന്നനായ്ത്തീരുന്നു സർവ്വദാഞാൻ
നൽത്തേനൊലിക്കും ഫലമാണെനിക്കേശു!
നിത്യമാം ജീവിതംതന്നിലുംനീ. 24

ക. നി. മൂ. സ. മാണിക്കത്തനാർ.

## തൃശ്ശൂർ പുതിയപള്ളി.

(1925 ഒക്ടോബർ 10-ാംനു- ചെയ്യപ്പെട്ട ഉൽഘാടന പ്രസംഗം)

"അവിടെ എൻെറ നാമം എന്നും സ്മരിക്കപ്പെടുവാൻ ആ സ്ഥലത്തെ ഞാൻ തിരഞ്ഞെടുത്തു പരിശുദ്ധമാക്കി" എന്നു് ദൈവം ഓറശ്ലേം ദേവാലയത്തെപ്പറ്റി അരുളിച്ചെയ്തതായി "നാളാഗമ" പുസ്തകത്തിൽ നാം വായിക്കുന്നു.

എൻെറ പ്രിയ കേൾവിക്കാരെ!

മനുഷ്യൻ ലോകത്തിന്നുവേണ്ടിയല്ല, പിന്നയോ ലോകം മനുഷ്യന്നുവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ദൈവം ലോകത്തിൽ വിവിധതരത്തിലുള്ള വസ്തുക്കളേയും അനേകം ജീവികളേയും

ഭൂ

സൃഷ്ടിച്ചാക്കിയിട്ടുണ്ടെങ്കിലും അവയിൽ ഒന്നുമാത്രം, അതേ, മനുഷ്യൻമാത്രം, സുബോധമുള്ള ആ ഒരു ഏക സൃഷ്ടിമാത്രം ദൈവത്തെ അറിയുന്നതിനും, അവിടത്തെ സ്നേഹിച്ചു ശുശ്രൂഷിക്കുന്നതിനും പ്രാപ്തിയുള്ളവനായി സ്ഥിതിചെയ്യുന്നു. ആകയാൽ ദൈവത്തെ അറിഞ്ഞു സ്നേഹിച്ചു ശുശ്രൂഷ ചെയ്യുന്നതിനുള്ള ചുമതല ലോകത്തിൽ മനുഷ്യന്റേതു മാത്രമത്രെ. എന്നല്ല, ഇതു അവന്റെ പ്രഥമവും പ്രധാനവുമായ ഒരു ബാദ്ധ്യതയുമാണു്. മനുഷ്യനു് സർവ്വപ്രധാനമായിട്ടുള്ള ഈ ചുമതല നിർവ്വഹിക്കുന്നതിനു വേണ്ടിയാണു് അവൻ ഒരു മതം സ്വീകരിക്കുന്നതു്. മനുഷ്യനെ ദൈവത്തോടു ഇങ്ങനെ യോജിപ്പിക്കുന്നതും പ്രസ്തുത ആവശ്യമായ മാർഗ്ഗങ്ങളെ അവനു കാണിച്ചു കൊടുക്കുന്നതും മതം തന്നെയാകുന്നു. ആ വക മാർഗ്ഗങ്ങൾ പ്രസംഗം, കൂദാശകൾ, പ്രാർത്ഥന മുതലായവയാണെന്നു് ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ. എന്നാൽ ഇങ്ങനെയുള്ളവ നടത്തുന്നതിനു ഉപയുക്തമായ ദൈവപ്രതിഷ്ഠിതാലയങ്ങൾ ആവശ്യമാണെന്നു സിദ്ധമാകുന്നുണ്ടു്.

ദൈവം സർവ്വവ്യാപിയാകയാൽ അവിടത്തോടുള്ള പ്രസ്തുത ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി മനുഷ്യർ പ്രത്യേകം ആലയങ്ങൾ നിർമ്മിക്കേണ്ടതില്ലെന്നു വിചാരിക്കുന്നവരുണ്ടാകാം. പ്രകൃതിതന്നെയും ദൈവത്തിന്റെ ഒരു വിശിഷ്ടാലയമായി പരിലസിക്കുന്നുണ്ടു്. ജ്ഞാനസ്നാനം സ്വീകരിച്ചവന്റെ ആത്മാവു പരിശുദ്ധാരൂപിയുടെ ഒരു ഭവനവുമാണു്. ഇവയെല്ലാം വാസ്തവമെങ്കിലും മനുഷ്യൻ ആത്മശരീരങ്ങളോടു കൂടിയവനാണെന്നുള്ളതു നാം വിസ്മരിച്ചുകൂടാ. അവന്റെ പ്രകൃതിക്കനുരൂപമായ ഒരു പ്രേരണകൂടി ഉണ്ടെങ്കിലേ അവൻ ദൈവസ്മരണ കാക്കുകയുള്ളുവെന്നു പ്രത്യേകം പറയേണ്ടതില്ല. ദൈവപ്രതിഷ്ഠിതമായ ആലയത്തിലുള്ളവയെല്ലാം ദൈവസ്മരണ പ്രത്യേകം നിലനിർത്തുന്നവയാകയാൽ ദേവാലയങ്ങൾ ഉണ്ടായേ മതിയാവൂ. ഇതാണു് പ്രകൃതിന്യായം നമ്മോടുപദേശിക്കുന്നതു്.

ദൈവാരാധനക്കും മതാനുഷ്ഠാനത്തിനും പര്യാപ്തമായ ദേവാലയങ്ങൾ പണിചെയ്യുന്നതിനു ഇങ്ങനെ സ്വഭാവന്യായത്താൽ മാത്രമല്ല നാം കടപ്പെട്ടിട്ടുള്ളതു്. ഇതു സംബന്ധമായി ദൈവകല്പന കൂടെയും ഉണ്ടു്. ആ കല്പന ഉണ്ടായതു മരുഭൂമിയിൽവെച്ചു മൂശദീർഘദർശിയോടായിരുന്നു. ഇസ്രായേൽ ജനം മെസ്രേൻ നാട്ടിൽനിന്നും കനാൻദേശത്തിലേക്കു യാത്ര പുറപ്പെട്ടവിധം നിങ്ങൾ ഓർമ്മിക്കുന്നുണ്ടായിരിക്കുമല്ലോ. പറവോൻ രാജാവിനെ ഭയന്നു ഒരു രാത്രിസമയം വലിയ ഒരുക്കം കൂടാതെ ഓരോ ഭാണ്ഡംമാത്രമായിട്ടാണു് അവർ പുറപ്പെട്ടതു്. യാത്രാമദ്ധ്യേ മരുഭൂമിയിൽ വസിക്കയിലായിരുന്നു പത്തു ദൈവപ്രമാണങ്ങൾ അവർക്കു നല്കപ്പെട്ടതു്. മരുഭൂമിയിലെ വാസം നാല്പതു സംവത്സരം ദീർഘിച്ചു. ഈ കാലഘട്ടത്തിൽ ദൈവം മൂശയോടു കല്പിച്ചതനുസരിച്ചാണു് ദൈവാലയമായി ഒരു കൂടാരം അവിടെ പണിതീർത്തതു്. ഈ കൂടാരം പണിക്കും അതിലെ അലങ്കാരത്തിന്നുമായി ഇസ്രായേൽ സ്ത്രീകൾ തങ്ങൾക്കുണ്ടായിരുന്ന ചുരുക്കം ആഭരണങ്ങൾപോലും ദാനം ചെയ്തിട്ടുണ്ടു്. ഇങ്ങനെ പണിതീർക്കപ്പെട്ട ദൈവാലയത്തിൽ പ്രധാനസ്ഥലത്തു ഒരു പെട്ടകമാണു് സ്ഥാപിക്കപ്പെട്ടിരുന്നതു്. ഇതിൽ ആദ്യം പ്രമാണങ്ങൾ എഴുതപ്പെട്ട കല്പലകകൾ നിക്ഷേപിക്കപ്പെട്ടിരുന്നുവെന്ന ഒരു വിശേഷതയില്ലാതിരുന്നില്ല. ഇന്നാകട്ടെ ലോകരക്ഷകനായ മ്ശിഹാതന്നെ വിശുദ്ധകുർബ്ബാനയിൽ എഴുന്നെള്ളിയിരിക്കാൻ തിരുമനസ്സായിരിക്കകൊണ്ടു് കല്പലക മാത്രമുണ്ടായിരുന്ന പഴയകാലത്തേക്കാൾ ദേവാലയത്തിന്റെ ആവശ്യം എത്ര പ്രത്യക്ഷമാണെന്നു ഓർക്കുവിൻ.

എന്നാൽ ഒരു നിർജ്ജീവവസ്തുമാത്രമായ പ്രസ്തുത പെട്ടകത്തെ സ്ഥാപിച്ചു ദൈവാരാധന നടത്തുവാൻ ശ്ലേമോൻ രാജാവു് പണിയിച്ച ദൈവാലയത്തെപ്പററി കേൾക്കുന്നതായാൽ നാം വിസ്മയിച്ചുപോകും. എത്രമാത്രം ദ്രവ്യം അതിന്നായി വ്യയംചെയ്തു! ദാവീദു

രാജാവിന്റെയും ശ്ലേമോൻ രാജാവിന്റെയും ദ്രവ്യശേഖരം അതിന്നായി വിനിയോഗിച്ചു. വിശിഷ്ടതരം കല്ലും മരവും മാത്രമെ അതിന്നായി ഉപയോഗിച്ചിട്ടുള്ളൂ. ഈ ഓറശ്ലേം ദേവാലയത്തിന്റെ അകം മുഴുവനും സ്വർണ്ണമയമായിരുന്നു. അതു ഇന്നും നിലനിന്നിരുന്നെങ്കിൽ ഏവക്കും വിസ്മയാവഹമായി പരിലസിക്കുമായിരുന്നു. ശ്ലേമോൻ രാജാവു് ഈ വിശിഷ്ട ദൈവാലയത്തിന്റെ പ്രതിഷ്ഠ അത്യാഡംബരപൂർവ്വം നിർവ്വഹിച്ചപ്പോഴാണു് ദൈവപ്രസാദത്തിന്റെ ഉത്തമ ലക്ഷ്യമായി അന്നു അർപ്പിക്കപ്പെട്ട ബലിവസ്തുവിന്മേൽ ആകാശത്തിൽനിന്നും അഗ്നി ഇറങ്ങി അതിനെ ദഹിപ്പിച്ചതു്. കൂടാതെ ഈ ദേവാലയത്തെ പററിതന്നെയത്രെ, "അവിടെ എന്റെ നാമം എന്നും സ്മരിക്കപ്പെടുവാൻ ആ സ്ഥലത്തെ ഞാൻ തിരഞ്ഞെടുത്തു പരിശുദ്ധമാക്കി" എന്നു ദൈവം അരുളിച്ചെയ്തിട്ടുള്ളതായി ആദ്യം ഞാൻ പ്രസ്താവിച്ചുകഴിഞ്ഞതും. ആകയാൽ സ്വാഭാവന്യായപ്രമാണവും ദൈവപ്രമാണവും ഒന്നുപോലെ ദൈവാലയത്തിന്റെ ആവശ്യത്തെ തെളിയിക്കുകയും അതിൽ ദൈവത്തിന്റെ പ്രസാദത്തെ പ്രത്യക്ഷപ്പെടുത്തുകയും ചെയ്യുന്നു. ഇങ്ങനെ പൂർവ്വകാലംമുതല്ക്കേ ദൈവാരാധനക്കു് ഉപയുക്തമായ ദേവാലയങ്ങൾ പണിയിക്കപ്പെട്ടുവന്നിരുന്നു.

ഈ ആവശ്യവും നടപ്പും അനുസരിച്ചാണു് തൃശ്ശൂർ പുത്തൻപേട്ടയിൽ വ്യാകുലമാതാവിന്റെ ഒരു ദേവാലയം നിർമ്മിതമായിരുന്നതു്. ഒരുനൂറു സംവത്സരങ്ങൾക്കുമുമ്പു നാടുവാണിരുന്ന ശക്തൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു ഏതാനും കത്തോലിക്കാ ഭവനക്കാർക്കു ഈ പട്ടണത്തിൽ പ്രവേശനം നൽകി. ആ സന്ദർഭത്തിൽ പ്രസ്തുത കത്തോലിക്കർ തങ്ങളുടെ ദൈവാരാധന നടത്തുന്നതിന്നും, ദൈവപ്രമാണങ്ങൾ ഉപദേശിച്ചു കേൾക്കുന്നതിന്നും നിത്യരക്ഷക്കും പുണ്യവർദ്ധനവിന്നും ആവശ്യമായ കൂദാശകൾ കൈക്കൊള്ളുന്നതിന്നും, മതസംബന്ധമായ മററു ആവശ്യങ്ങൾ നടത്തുന്നതിന്നുംവേണ്ടി തക്ക ഒരു ഇടത്തിന്റെ ആവശ്യം കാണാതിരുന്നില്ല. ഇങ്ങനെയുള്ള ഒരു ആവശ്യം കാണിച്ചപേക്ഷിച്ചതിനാൽ പ്രസ്തുത ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടുതന്നെയാണു് ഈ പുത്തൻപേട്ടയിൽ ഒരു ദേവാലയം അന്നു പണിയുവാൻ അനുമതി നൽകിയതു്. ഈ ദേവാലയത്തിന്റെ കീർത്തിയെ വർണ്ണിക്കുവാൻ ഞാൻ ഇപ്പോൾ തുനിയുന്നില്ല. ഒന്നുമാത്രമെ എനിക്കു പറയേണ്ടതുള്ളൂ. അതു, ആ ദേവാലയം ഒരിക്കൽ കത്തോലിക്കരുടേതായിരുന്നിട്ടു ഇപ്പോൾ അതു അവക്കു നഷ്ടപ്പെട്ടിരിക്കുന്നുവെന്നതത്രെ.

ഇതു പറയുമ്പോൾ വീണ്ടും എന്റെ ഓർമ്മ ശ്ലേമോൻ പണിയിച്ച ഓറശ്ലേമിലെ മനോഹര ദേവാലയത്തിലേക്കാണു് ചെന്നുചേരുന്നതു്. അതു് അതിവിശേഷമായിരുന്നു. സർവ്വരുടേയും ദൃഷ്ടിയെ ആകർഷിച്ചിരുന്നു. വിസ്മയാവഹമായിരുന്നു. ദൈവത്തിന്നു പ്രസാദിച്ച ഒരു ആലയമായിരുന്നു. അവിടെ ദൈവത്തിന്റെ അരുളപ്പാടുകൾ നടന്നിരുന്നു. മഹാ രാജാക്കന്മാരും പ്രധാനാചാർയ്യന്മാരും അതിനെ അഭിമാനകരമായി ഗണിച്ചിരുന്നു. എങ്കിലും അതു നാനൂറു സംവത്സരകാലമേ നിലനിന്നുള്ളൂ. അവിശ്വാസിയായ നബുക്ക്ദ്നോസർ രാജാവു ഇസ്രായേൽ ജനത്തിന്നെതിരായി യുദ്ധംചെയ്തു ദേവാലയത്തെയെന്നല്ല ഓറശ്ലേം നഗരത്തെപ്പോലും നിലംപരിശാക്കി യഹൂദരെയെല്ലാം ബാബിലോണിലേക്കു നാടുകടത്തികൊണ്ടുപോകയുംചെയ്തു. ഇങ്ങനെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിന്നു ഓറശ്ലേം ദേവാലയവും നഗരിയും നഷ്ടപ്പെട്ടതിനാൽ അവർ വ്യാകുലത്തിലായി. ഏവംവിധം പുത്തൻപേട്ടയിലെ കത്തോലിക്കരും വ്യാകുലമാതാവിന്റെ പള്ളി നഷ്ടമായതിൽ വ്യാകുലപ്പെടേണ്ടിയിരിക്കുന്നു. എങ്കിലും ദൈവം അപേക്ഷയെ ഉപേക്ഷിക്കാത്തവനാകയാൽ ഇന്നു സന്തോഷത്തിന്നുള്ള അവസരം അവർ കണ്ടെത്തിയിരിക്കുന്നു. (തുടരും.)

മൊൺസിഞ്ഞോർ
അന്റണി പുതുശ്ശേരി.

# വേദപുസ്തക പാരായണം.

ദൈവത്തിൽ മനോശരണം വച്ചുകൊണ്ടും, ദൈവപരിപാലനയ്ക്കു നമ്മേ തന്നെ പൂൎണ്ണമായി കയ്യാളിച്ചുകൊണ്ടും ജീവിക്കുന്നതു് നമുക്കു വലിയ ഭാഗ്യമാണെന്നു് താഴെവരുന്ന വേദവാക്യങ്ങൾ പ്രസ്താവിക്കുന്നു:

൧. "ദൈവത്തിൽ ആശ്രയിക്കയും ദൈവംതന്നെ അവന്റെ ശരണമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാനാകുന്നു. എന്തുകൊണ്ടെന്നാൽ അവൻ വെള്ളങ്ങളുടെ അരികെ നടപ്പെട്ടു് ആററിന്നരികെ അതിന്റെ വേരുകളെ ഊന്നിയിരിക്കുന്ന വൃക്ഷം പോലെ ആകും. ചൂടുകൊണ്ടു് കേടുതട്ടാതെ അതിന്റെ ഇല പച്ചയായിരിക്കും, ഉണക്കകാലത്തിൽ വരണ്ടുപോകാതെ എല്ലായ്പോഴും ഫലം തന്നുകൊണ്ടിരിക്കയും ചെയ്യും." (എറമ്മ്യാ. ൧൭. ൭-൮)



൨. "കൎത്താവു് എന്നെ മേയിക്കും, എനിക്കു ഒന്നുംപോരാതെവരികയില്ല. നല്ല മേച്ചിൽസ്ഥലത്തു് താൻ എന്നെ നിറുത്തും, ശാന്തതയുള്ള വെള്ളത്തിന്റെ അരികിലേക്കു താൻ എന്നെ കൊണ്ടുപോകും." (സങ്കീൎത്തനം ൨൨. ൧-൨)

൩. "ഒരു സ്ത്രീക്കു തന്റെ ഉദരത്തിൻ ഫലത്തോടു കരുണയുണ്ടാകാതിരിക്കത്തക്കവണ്ണം തന്റെ മുലകുടിക്കുന്ന കുട്ടിയെ മറന്നുപോകുവാൻ കഴിയുമോ? എന്നാൽ അവൾമറന്നുപോയാലും ഞാൻ നിന്നെ മറന്നുപോകയില്ല." (ഏശയ്യ. ൪൯. ൧൫)

൪. "നിങ്ങളുടെ സകല ചിന്താകുലവും ദൈവത്തിൽ നിങ്ങൾ വൈപ്പിൻ, എന്തുകൊണ്ടെന്നാൽ താൻ നിങ്ങളുടെ മേൽ താല്പൎയ്യമുള്ളവനാകുന്നു." (൧. പത്രോസ്. ൫. ൭.)

### വിവരണം.

ഒരു തള്ള അവളുടെ കുട്ടിയെ സ്നേഹിക്കയും അതിന്റെ ഗുണത്തെ കാംക്ഷിക്കയും ചെയ്യുന്നതിനേക്കാൾ കൂടുതലായി ദൈവം നമ്മെ സ്നേഹിക്കയും നമ്മുടെ നന്മയെ ഇച്ഛിക്കയും ചെയ്യുന്നു. ഈ വാസ്തവം മേൽകാണിച്ച വേദവാക്യങ്ങളിൽ നിന്നുതന്നെ സ്പഷ്ടമാകുന്നുണ്ടു്. ഇതിന്റെ ന്യായം ദൈവം നമ്മുടെ സാക്ഷാൽ പിതാവും ആദികാരണവും അന്ത്യവുമാകുന്നു എന്നും, നമ്മുടെ മാതാപിതാക്കന്മാർ രണ്ടാംതരം കാരണങ്ങൾ മാത്രമാകുന്നു എന്നും ചിന്തിക്കുമ്പോൾ വെളിപ്പെടുന്നതാണു്. അപ്പോഴെ നമ്മെ ഇത്രയധികം സ്നേഹിക്കുന്ന ദൈവത്തിന്മേൽ നമ്മുടെ മനോശരണംമുഴുവൻ വച്ചുകൊണ്ടു നാംജീവിക്കുന്നുവെങ്കിൽ, ഏറമ്മ്യാ ദീൎഘദൎശിയുടെ വചനത്തിന്നു തക്കവണ്ണം നാം വെള്ളങ്ങളുടെ അരികിൽ നടപ്പെട്ട വൃക്ഷംപോലെ ദൈവവരപ്രസാദങ്ങളെ ധാരാളമായി കൈക്കൊൾകയും എല്ലായ്പോഴ ദൈവത്തിനിഷ്ടമായ നല്ല ഫലങ്ങളെ പുറപ്പെടുവിക്കയും ചെയ്യും. ഈ എളുപ്പമായ വഴിയെ പിടിച്ചതുകൊണ്ടാണ വിശുദ്ധ കൊച്ചുത്രേസ്യാ പുണ്യവതിയും മററും പ്രയാസമെന്യെ പുണ്യത്തിന്റെ അഗ്രത്തിൽ എത്തിയതു്. ആകയാൽ നമ്മുടെ ശരണം മുഴുവനായി ദൈവത്തിൽ വച്ചുകൊണ്ടു ഇടയ്ക്കിടെ ഇപ്രകാരം ജപിക്കുന്നതു് വളരെ ഉപകാരപ്രദമായിരിക്കും.

### ജപം.

ഈശോയെ! എന്റെ ദൈവമേ! ഒരു കുഞ്ഞു തള്ളയിൽ പൂൎണ്ണമായി ആശ്രയിക്കയും മാതൃപരിപാലനക്കുതന്നെ പൂൎണ്ണമായി കയ്യാളിക്കയും ചെയ്യുന്നതു

പോലെ, ഞാൻ നിന്നിൽ പൂർണ്ണമായി ആശ്രയിക്കയും നിന്റെ ദിവ്യപരിപാലനകൾ എന്നെ പൂർണ്ണമായി കയ്യാളിക്കയും ചെയ്യുന്നു. കുഞ്ഞുതന്നെത്താൻ ഒന്നും ചെയ്വാൻ വശമില്ലായ്കയാൽ സകലത്തിലും മാതൃസഹായം ആവശ്യപ്പെടുന്നതുപോലെ ശിശുവും ബലഹീനനുമായ ഞാൻ സകലത്തിലും നിന്റെ ദിവ്യസഹായം ആവശ്യപ്പെടുന്നു. എന്റെ ദൈവമേ! എന്നെ സഹായിക്കേണമേ! കർത്താവേ! എന്റെ സഹായത്തിന്നു വേഗം വരണമെ. കണ്മണിയെപ്പോലെ എന്നെ നീ കാത്തുകൊള്ളണമെ! നിന്റെ ചിറകിൻ കീഴ നീ എന്നെ മറച്ചുകൊള്ളണമെ! കർത്താവു എന്നെ മേയിക്കും; എനിക്കു ഒന്നും പോരാതെ വരികയില്ല. കർത്താവേ! നിന്നിൽ ഞാൻ ശരണപ്പെട്ടു. ഞാൻ ഒരിക്കലും നാണിക്കയില്ല. ആമ്മേൻ.

ഫാദർ അലെക്സാണ്ടർ, സി. ഡി.

# ജൂബലിവത്സരം. *

കത്തോലിക്ക് ലോകത്തിന്നു അനിതരസാധാരണമായ ആനന്ദത്തേയും അകത്തോലിക്കർക്ക് അതിശയാദി മനോവികാരങ്ങളേയും ഉളവാക്കിക്കൊണ്ട് അനുഭവൈകവേദ്യമായിരിക്കുന്ന ഈ ജൂബിലിവത്സരമഹോത്സവത്തിൽ ഇതിനെക്കുറിച്ചു കുറഞ്ഞൊന്നു നിരൂപണം ചെയ്യുക കാലോചിതമായിരിക്കുമെന്നതിൽ രണ്ടു പക്ഷം ഉണ്ടാകുവാൻ ഇടയില്ല. ആകയാൽ ചുരുക്കത്തിൽ ഒന്നാമതായി ഇതിന്റെ ഉത്ഭവസ്വഭാവാദികളെക്കുറിച്ചും; രണ്ടാമതായി ജൂബിലി ദണ്ഡവിമോചന ലബ്ധിക്കായി ചെയ്യേണ്ടവകളെക്കുറിച്ചും; മൂന്നാമതായി ജൂബിലി സംബന്ധിച്ചുള്ള പ്രത്യേകാനുമതികളെക്കുറിച്ചും കുറഞ്ഞൊന്നു പര്യാലോചിക്കാം.

---

* ജൂബിലി എന്ന പദത്തിന്റെ ഉത്ഭവം പൂർവ്വ ഇസ്രായേൽജനം ഈ തിരുനാളിനെ പ്രഖ്യാപനം ചെയ്യുമാറു മുഴക്കാറുള്ള "Jobel" എന്ന കാഹള ശബ്ദത്തിൽ നിന്നാണ്. ജോബേൽ കാഹളധ്വനി ഇസ്രായേൽ ജനങ്ങളുടെ ഇടയിൽ അസാമാന്യ ആഹ്ലാദത്തിന്റെ അടയാളമായിരുന്നു. ജോബേൽ എന്ന എബ്രായഭാഷാപദത്തിന്ന് ആനന്ദമെന്ന് അർത്ഥം ഉണ്ട്. ആകയാൽ സന്തോഷത്തിന്റെ ജോബേൽ കാഹളധ്വനി ലക്ഷ്യമായ തിരുനാൾ "ജൂബിലി" എന്നു വിളിക്കപ്പെട്ടു.

## I. ഉത്ഭവം.

പഴയനിയമത്തിൽ ദൈവാജ്ഞയാൽ അൻപതാം വർഷമെല്ലാം പരിശുദ്ധമായി പരിഗണിച്ചിരുന്നു. ഇതു സാർവ്വഭൗമമായ മോചനത്തിൻവർഷമായിരുന്നു. അൻപതാം വർഷം ജൂബിലി വത്സരമാകയാൽ അതിനെ ശുദ്ധമായി ആചരിക്കേണമെന്നും ലോകത്തിലുള്ള സമസ്ത ജീവികൾക്കും മോചനം അനുവദിക്കണമെന്നും "യഹോവാ" തന്നെ കല്പിച്ചിരുന്നു. (XXV-10 ലേവാ.)

ഈ വർഷത്തിൽ അടിമകൾ സ്വാതന്ത്ര്യം പ്രാപിച്ചിരുന്നു. കാരാഗൃഹത്തിൽ അടക്കപ്പെട്ടിരുന്നവർ സ്വഗൃഹത്തിലേക്കു സ്വച്ഛന്ദം പിന്തിരിഞ്ഞിരുന്നു. ദാസ്യവൃത്തിയാലൊ മറേറതു പ്രകാരത്തിലൊ ക്ലേശിച്ചിരുന്നവർ സ്വേച്ഛാനുസൃതം താന്താങ്ങളുടെ ഭവനത്തിലേക്കു മടങ്ങി വിശ്രമിച്ചിരുന്നു. ഏതുവിധത്തിലുള്ള കടങ്ങളായിരുന്നാലും മോചനത്തിന്റെ ഈ വത്സരത്തിൽ അവയെല്ലാം മോചിക്കപ്പെട്ടിരുന്നതുകൊണ്ടു കടക്കാരുടെ കടമെല്ലാം താനെ തന്നെ വീടി അവർ സ്വതന്ത്രരായിത്തീർന്നിരുന്നു. കന്നുകാലികളെക്കൊണ്ടു നിലം ഉഴവിക്കയൊ, വിത്തുകൾ വിതയ്ക്കയൊ ചെയ്വാൻ പാടില്ലായിരുന്നു. മാത്രമല്ല, ഭൂമി താനെ തരുന്ന ഫലങ്ങളെ ശേഖരിക്കുക കൂടെ

വിലക്കപ്പെട്ടിരുന്നു. എന്നാൽ ഓരോരുത്തന്നു് തങ്ങൾക്കാവശ്യമുള്ളടത്തോളം അപ്പോഴപ്പോൾ എടുത്തനുഭവിക്കുന്നതിന്നു വിലക്കുണ്ടായിരുന്നില്ല. ഇങ്ങിനെ മനുഷ്യമൃഗാദിജീവജാലങ്ങൾക്കു തന്നെയല്ല, മാതൃഭൂമിയ്ക്കുകൂടെയും വിശ്രമത്തിൻേറയും ഉത്സവത്തിൻേറയും ഒരു കാലമായിരുന്നു ജൂബിലിവത്സരം.

പഴയനിയമത്തിലെ പരിപാവനമായ ഈ ജൂബിലിവത്സരത്തിൻേറ സ്തുത്യമായ സ്മരണയെ നിലനിറുത്തുന്നതിന്നും വിശ്വാസികൾക്കു പൂർണ്ണമായ പാപമോചനവും ദണ്ഡവിമോചനങ്ങളും നൽകുന്നതിന്നുമായി പരിശുദ്ധപിതാവായ എട്ടാമത്തെ ബൊനിഫാസ് എന്ന മാർപ്പാപ്പാ ക്രിസ്ത്വാബ്ദം 1300-ൽ നവമായി കത്തോലിക്കാ സഭയിൽ ജൂബിലിവത്സരം കല്പിച്ചു നൽകി. (Bull 22nd Feb 1300) ഈ പരിശുദ്ധ പിതാവു മേലിൽ ഒരുനൂറാം വർഷംതോറും ജൂബിലിവത്സരമായി കൊണ്ടാടേണമെന്നു ആജ്ഞാപിക്കയും ചെയ്തു. ഈ കാലാവധി വളരെ ദീർഘമായതും മനുഷ്യജീവിതം തുലോം ചുരുങ്ങിയതും ആകയാൽ അനേകം പേൎക്കു് ഈ അസാമാന്യദണ്ഡവിമോചനാദി നന്മകൾക്കു് ഭാഗഭാക്കാവാൻ കഴിയുന്നില്ലെന്നു കണ്ടു അൻപതാംവർഷന്തോറും ജൂബിലിവത്സരം കൊണ്ടാടുന്നതിന്നു ആറാമത്തെ ക്ലെമെൻസ് എന്ന പരിശുദ്ധപിതാവും (Bull 8th Jan1343); ഇതും ദീർഘമായിപ്പോകുന്നുവെന്നു കരുതി മുപ്പത്തിമൂന്നാം വർഷന്തോറും ആഘോഷിക്കുന്നതിന്നു എട്ടാമത്തെ ഉർബാൻ മാർപ്പാപ്പായും; പുനശ്ച 25-ാം വർഷന്തോറും ആചരിക്കുന്നതിന്നു് രണ്ടാമത്തെ പൌലോസ് എന്ന പരിശുദ്ധ പിതാവും (Bull 19th April 1470) അനുശാസിച്ചു. ഇന്നു സഭയിൽ ആചരിച്ചുവരുന്നതു രണ്ടാമത്തെ പൌലോസ് പാപ്പായുടെ ആജ്ഞാനുസൃതം 25-ാം വർഷത്തിലാണ്.

(തുടരും.)

റവ. ഫാദർ പീററർ
പുത്തൻപുരയ്ക്കൽ.

## നിർഭാഗ്യനായ ആ യുവാവ്!

II.

“നിനക്കുള്ളതെല്ലാം പരിത്യജിച്ചിട്ടു് എന്നെ അനുഗമിക്കുക” എന്നുള്ള ദിവ്യരക്ഷകൻേറ വചനങ്ങൾ നമ്മുടെ യുവാവിനെ വല്ലാതെ പരിഭ്രമിപ്പിച്ചു. ധനാഢ്യന്മാരും അതികാരുണികന്മാരുമായ മാതാപിതാക്കൾ തങ്ങളുടെ ഏകസന്താനമായിരുന്ന നമ്മുടെ യുവാവിനെ സുഖസന്തോഷങ്ങളിലും അത്യധികമായ പരിലാളനയിലുമാണു് വളർത്തിപ്പോന്നതു്. ധനബാഹുല്യംകൊണ്ടും മററും സമുദായമദ്ധ്യേ ഗണ്യമായ ഒരു നിലയും അസാമാന്യമായ ജനസ്വാധീനവും അയാൾക്കുണ്ടായിരുന്നു. ഇതിനുംപുറമേ സ്വതേ തന്നെ മഹാമനസ്കനും, ദീനദയാലുവും, ഉദാരശീലനുമായിരുന്ന ഇദ്ദേഹം നിരവധിജനങ്ങളുടെ, പ്രത്യേകം സാധുക്കളുടെ, സ്നേഹബഹുമാനാദരങ്ങൾക്കു് സർവ്വഥാ അർഹനായി ഭവിച്ചിരുന്നു. ഏതദ്വാരാ കഠിനതരങ്ങളായ ഉപവാങ്ങളോ, നിരന്തരമായ പ്രാൎത്ഥനകളോ, അസാമാന്യമായ ദാനധൎമ്മങ്ങളോ ചെയ്യുന്നതിനോ ഓർശ്ലേം ദേവാലയത്തിലേക്കു് അമൂല്യമായ ബലിസാധനങ്ങൾ അൎപ്പിക്കുന്നതിനോ മറേറാ, മ്ശിഹാ അയാളെ ഉപദേശിക്കുമെന്നായിരുന്നു നമ്മുടെ യുവാവു് കരുതിയിരുന്നതു്. എന്നാൽ അഹോ! നഷ്ടമേ! അയാളുടെ പുണ്യപൂൎണ്ണതാപാഥയിൽ ഒരു സംഗതിമാത്രമേ വിഘാതമായിട്ടു് അയാൾക്കുണ്ടായിരുന്നുള്ളു. ദൈവം അയാൾക്കു നൽകുമായിരുന്ന വി

ശിഷ്ടതമമായ പ്രസാദസ്വീകരണത്തിനും, തത്തൽഫലമായ പ്രേഷകവൃത്തികളുടെ നിർവ്വഹണത്തിനും, പ്രതിബന്ധമായി ഒരു കാൎയ്യം മാത്രമേ അയാൾക്കുണ്ടായിരുന്നുള്ളു!! എങ്ങിനെയോ അയാൾ അറിയാതെതന്നെ ദ്രവ്യം അയാളെ പാടെ വശീകരിച്ചിരുന്നു. അതുതന്നെ അയാളുടെ സുഖത്തിന്റെ അഭേദ്യമായ ഒരു ഭാഗവുമായി പരിണമിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ദ്രവ്യമല്ലാതെ, അയാളുടെ ഇതഃപൎയ്യന്തമുള്ള ജീവിതകാലത്തു് മററു യാതൊന്നും അയാൾ ആഗ്രഹിച്ചതേ ഇല്ല. ഏതൽ ഫലങ്ങളായ ബഹുമാനപ്രിയം പ്രാഭവകാംക്ഷ ഇത്യാദികളാൽ ആക്രാന്തനായി, അയാൾ വലയേണ്ടിവന്നിരുന്നു. എന്നാൽ ഈദൃശസ്ഥാനമാനങ്ങളേയും സുഖസന്തോഷാദികളേയും ജനസ്വാധീനത്തേയും, ബന്ധുമിത്രാദികളേയും വെടിഞ്ഞു് തന്റെ ഉദാരശീലത്താൽ തങ്ങളുടെ നിത്യവൃത്തികഴിച്ചുകൂട്ടിയിരുന്ന സാധുജനങ്ങളോടൊപ്പം തന്നെത്തന്നെ താഴ്ത്തുക എന്നുള്ളതായിരുന്നു നമ്മുടെ യുവാവിനു് ഇനിയും അവശ്യം വേണ്ടിയിരുന്ന ഗുണം. പൊടുന്നനവേ, അയാൾ ചെയ്യേണ്ടിയിരുന്ന പരിത്യാഗത്തിന്റെ പരിമാണത്തെ അയാൾ പരിഗണിച്ചു കഴിഞ്ഞു. പക്ഷേ സ്വാൎത്ഥപ്രേരിതമായ അയാളുടെ നയനങ്ങൾക്കു് അതു ഭീമമായ ഒരു കാൎയ്യവും, അതിന്റെ നിൎവ്വഹണം മൎമ്മഭേദകവുമായിതോന്നി. അഹോ! അപരിഹാൎയ്യമായ നഷ്ടമേ!! നമ്മുടെ ദിവ്യരക്ഷനാഥന്റെ മേൽ ഉദ്ധൃതവാക്യങ്ങളുടെ ശ്രവണമാത്രയിൽ അയാൾ വ്യസനാക്രാന്തനായി ക്ലേശപൂരിതനായി പിന്തിരിയുകയാണത്രെ ചെയ്തതു്.

(മൎക്കോ. ൧൦. ൨൨)

ഹാ! മനുഷ്യനിൎഭാഗ്യമേ! ക്ഷണഭംഗുരവും, കലഹങ്ങൾക്കും സന്താപങ്ങൾക്കും നിദാനവും, ഒരിക്കലും തൃപ്തി വരാത്തതും, മരണവാതായനത്തുങ്കൽവെച്ചു് അവശ്യം തൃണസമം പരിത്യജിക്കേണ്ടതുമായ ദ്രവ്യത്തോടുള്ള അതികാംക്ഷ, ആസാധ്യപായ യുവാവിന്റെ ആത്മാവിനു് എത്രയോ ഗംഭീരമായ നഷ്ടത്തെ ഉളവാക്കി. നല്ല അവസരം— രക്ഷണീയസമയം— ഫലസമൎദ്ധമാക്കാതെ കൈവെടിയുന്നതുകൊണ്ടു് നമുക്കു പിണയുന്ന അത്യാപത്തു് പരത്തിൽ മാത്രമേ നാം നേരാംവണ്ണം ഗ്രഹിക്കയുള്ളു. ഈദൃശമായ ദൈവവിളിപ്പിനെ ഒരാൾ നിരസിക്കുന്നതു് പരിഹരിക്കാവതല്ലാത്ത നഷ്ടത്തിനും, മരണം വരെയുള്ള അപാരമായ ദുഃഖത്തിനും നിദാനമായി പരിണമിക്കുമെന്നുള്ളതിൽ രണ്ടുപക്ഷമുണ്ടാകാനിടയില്ല തന്നെ. അനുഭവസിദ്ധിയും ഈ സംഗതിയുടെ യാഥാൎത്ഥ്യം ധാരാളം പ്രസ്പഷ്ടമാക്കാതിരിക്കയില്ല. ഇതിനാൽ ആ ദുൎഭഗനായ യുവാവിന്റെ മരണം വരെയും "എന്നെ അനുഗമിക്കു" എന്നുള്ള നമ്മുടെ ദിവ്യരക്ഷകന്റെ മാധുൎയ്യക്ഷണം, അയാളുടെ കൎണ്ണപുടങ്ങളിൽ നിരന്തരമായി, അസഹനീയമായി മുഴങ്ങിക്കൊണ്ടിരുന്നിരിക്കണം. ജഗന്നിയന്താവു് അയാൾക്കു് സംഭൃതമാക്കിയിരുന്ന അതിവിശിഷ്ടമായ ഒരു ആദ്ധ്യാത്മികവരം അയാൾക്കു നഷ്ടീഭവിച്ചുവെന്നുള്ളതു് നിൎവ്വിവാദമായ സംഗതിതന്നെ. വി. പത്രോസിന്റെ ചോദ്യത്തിനു് നമ്മുടെ ദിവ്യഗുരുവരൻ നൽകിയ സമാധാനവും ഈ സംഗതിയുടെ പാരമാൎത്ഥ്യത്തെ ധാരാളം വിശദീകൃതമാക്കുന്നുണ്ടു്. വി. പത്രോസ് ഇപ്രകാരം ഈശോയോടു ഉണൎത്തിച്ചു: "ഗുരുവേ! ഇതാ ഞങ്ങൾ സൎവ്വതും കൈ വെടിഞ്ഞു് അങ്ങേ അനുഗമിച്ചിരിക്കുന്നു." ഈശോയുടെ പ്രത്യുത്തരം ഇപ്രകാരമായിരുന്നു: "ഞാൻ നിങ്ങളോടു് സത്യമായി പറയുന്നു. എന്നെപ്രതിയും, സുവിശേഷത്തെപ്രതിയും വീടിനേയോ, സഹോദരീസഹോദരങ്ങളേയോ മാതാപിതാക്കളേയോ, മക്കളേയോ, നിലങ്ങളേയോ പരിത്യജിച്ചിട്ടു്....... .... പരത്തിൽ നിത്യായുസ്സിനേയും പ്രാപിക്കാത്തവൻ ഒരുത്തനും ഇല്ലതന്നെ." (മൎക്കോ. ൧൦. ൨൯–൩൦)

ഇപ്രകാരം ദൈവവിളിയെ നഷ്ടമാക്കിയിട്ടുള്ളതിന്റെ ഉദാഹരണങ്ങ

ൾ ഇനിയും വിശുദ്ധലിഖിതങ്ങളിൽ കാണ്മാനുണ്ടു്. വി. ലൂക്കാ, ൯-ാം അദ്ധ്യായത്തിൽ ഈദൃശമായ പല സംഭവങ്ങൾ വിവരിക്കപ്പെടുന്നു. ഒന്നാമത്തേതു്, വി. മത്തായിയാൽ "സബ്രേൻ" എന്നു നാമകരണം ചെയ്യപ്പെട്ടിരിക്കുന്ന ആ മനുഷ്യന്റേതാണു്. അയാൾ നമ്മുടെ കർത്താവിനെ അനുഗമിക്കണമെന്നുള്ള പ്രത്യാശയോടുകൂടിയാണു് ആഗതനായതെങ്കിലും, "മനുഷ്യപുത്രനു തല ചായിപ്പാൻ സ്ഥലമില്ല" എന്നുള്ള അവിടത്തെ തിരുവാക്യം അയാളെ ഭഗ്നാശയനാക്കിക്കളഞ്ഞു. നമ്മുടെ ദിവ്യരക്ഷനാഥൻ ക്ഷണിച്ച രണ്ടാമത്തെ മനുഷ്യനും, അങ്ങേയ്ക്കുവേണ്ടി വേല ചെയ്യുന്നതിനു് സന്നദ്ധനായി വന്ന മൂന്നാമത്തെയാളും ചില ഗൃഹജോലികൾ പരിപൂർത്തിയാക്കിയതിനുശേഷമേ അവിടത്തെ ദിവ്യവിളിയെ അനുസരിപ്പാൻ കരുതിയിരുന്നുള്ളു. ഈ വ്യവസ്ഥയെ നമ്മുടെ ദിവ്യരക്ഷനാഥൻ നിരാകരിച്ചുകൊണ്ടു്, "കലപ്പയ്ക്കു കൈകൊടുത്തിട്ടു് പിറകോട്ടു് നോക്കുന്നയാതൊരുത്തനും സ്വർഗ്ഗരാജ്യത്തിനു് യോഗ്യനല്ല" എന്നു് അരുളിച്ചെയ്തു. കടശിയായി വി. യോഹന്നാൻ കീർത്തിക്കുന്ന ഒരു സംഭവവും സ്മരണീയമത്രെ. നമ്മുടെ കർത്താവിന്റെ ഏതാനും ചില ശിഷ്യർ വി. കുർബ്ബാനയുടെ വാഗ്ദാനത്തെപ്പററിയുള്ള അവിടത്തെ ഒരു പ്രസംഗം ശ്രവിക്കയിൽ അതു് അവർക്കു സഹിക്കവഹിയാതെ, അതു വളരെ 'കഠിനമുള്ളതാകുന്നു' എന്നുപറഞ്ഞു. (യോഹ. ൬. ൬൧) അതിനുശേഷം, "അങ്ങേ ശിഷ്യരിൽ പലരും അങ്ങേ വിട്ടുപോയി. പിന്നീടു അവർ അങ്ങയോടുകൂടെ സഞ്ചരിച്ചിരുന്നുമില്ല" എന്നാണു് വിശുദ്ധ ലിഖിതത്തിൽ തുടർന്നുപറയുന്നതു്.

ഈ സംഭവങ്ങളിൽനിന്നെല്ലാം ദൈവവിളി ഒരാൾക്കു് നഷ്ടീഭവിക്കുന്നതു് എങ്ങിനെയാണെന്നു മനസ്സിലാക്കാവുന്നതാണു്. മനുഷ്യന്റെ ഹൃദയപൂർവ്വമായ സഹകരണംകൂടാതെ ഇഷ്ടപ്രസാദം അവനു് യാതൊരു ഫലത്തേയും പ്രദാനം ചെയ്യയില്ല. അങ്ങിനെതന്നെ ദൈവവിളിപ്പു് എന്ന അമൂല്യമായ ദാനവും മററു ദൈവപ്രസാദങ്ങളെപ്പോലെ തന്നെ, സഹകരണത്തിന്റെ പ്രാമാണ്യമനുസരിച്ചേ ഫലം പുറപ്പെടുവിക്കയുള്ളു. എന്നാൽ ഇപ്രകാരമുള്ള അനുഗ്രഹം നിറഞ്ഞ ദൈവവിളികേൾക്കുവാൻ ഭാഗ്യം സിദ്ധിക്കുന്നവർ എത്രയോ ചുരുക്കംപേർ മാത്രം. ആകയാൽ സ്വർഗ്ഗീയ രാജന്റെ ഏതാദൃശമായ വിളിയെ മേല്പറഞ്ഞ യുവാവിനെപ്പോലെ നിരസിക്കാതിരിപ്പാൻ ഏവരും ജാഗരൂകന്മാരായിരിക്കേണ്ടതാകുന്നു.

ഫാദർ ഗാബ്രിയേൽ സി. ഡി.

## നമ്മുടെ ദിവ്യമാതൃക.

രക്ഷനാഥനായ മ്ശിഹാകർത്താവു് നമ്മുടെ ജീവിതാദർശവും മാതൃകയുമാകുന്നു. ആ ദിവ്യമാതൃക നമ്മുടെയിടയിൽ ജീവിക്കുന്നുവെന്നു കരുതി നാം തന്നെ എത്രമാത്രം നമ്മുടെ ഹൃദയചക്ഷുസ്സുകളിൽ കണ്ടുകൊണ്ടിരിക്കുന്നുവോ അത്രമാത്രം നമ്മുടെ ജീവിതം ആനന്ദപ്രദമായി ഭവിക്കുന്നതാണു്. അദ്ദേഹം നമ്മിലും നമ്മോടുകൂടിയും ജീവിക്കുന്നുവെന്നു് നമുക്കു പൂർണ്ണമായി തോന്നുന്നതുവരെയും, നമ്മെത്തന്നെമറന്നു നമ്മെ മുഴുവനായി അങ്ങേ ഭരമേല്പിക്കുന്നതുവരെയും, നാം അദ്ദേഹത്തിന്റെ ഓരോ പ്രവൃത്തികളേയും നിർമ്മലമനസ്സോടെ ധ്യാനിച്ചു് മനോദർപ്പണത്തിൽ ഉറപ്പിക്കണം. അപ്പോൾ അദ്ദേഹത്തിന്റെ ഓരോ വാക്കുകളും, ആംഗ്യങ്ങളും നോട്ടങ്ങളും, പ്രവൃത്തി

കളും നമ്മുടെ ഓമ്മയിൽ വരികയും, ഓരോന്നും പരമപാവനവും അത്യന്തം മഹത്തരങ്ങളും ആയ ആദശ്ങ്ങളെന്ന നമുക്കു പ്രത്യക്ഷമാകുകയും ചെയ്യും.

ഇപ്രകാരമുള്ള മനഃസ്ഥിതിയോടുകൂടി, പവ്വതമുകളിൽവച്ചു നാലായിരം ജനങ്ങൾക്കു ദിവ്യരക്ഷകൻ അത്ഭുതമായി ഭക്ഷണം നൽകിയതിനെപ്പററി വി. മത്തായിയുടെ സുവിശേഷം പതിനഞ്ചാം അദ്ധ്യായത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നതിനെ കുറിച്ച് നമുക്കു അല്പം ആലോചിക്കാം. ജനക്കൂട്ടം വീടുകൾതോറും, ഗ്രാമങ്ങൾ തോറും മ്ശിഹായെ പിൻതുടന്നിരുന്നു. അവരുടെ ബുദ്ധിക്കുവിഷയമല്ലാതിരുന്ന എന്തോ ഒരു ശക്തി അവരെ തന്നിലേക്കു ആകർഷിച്ചു. കാഴ്ചക്ക് അദ്ദേഹം ഒരു സാധാരണമനുഷ്യൻ. ദയാലുവും പരോപകാരതല്പരനും ആയ ഒരു പ്രവാചകനെന്നോ ഉപദേഷ്ടാവെന്നോ അദ്ദേഹത്തെപ്പററി അവർ വിചാരിച്ചേക്കാം. എന്നാൽ ഈ മനുഷ്യന്റെ പിന്നാലെ പോകത്തക്കവണ്ണം അവരേ പ്രേരിപ്പിച്ച ശക്തി എന്താണ്? ദിവ്യരക്ഷകന്റെ തിരുവചനങ്ങളുടെ മാധുയ്യവും, താൻ പ്രവത്തിച്ചിരുന്ന അത്ഭുതകൃത്യങ്ങളുടെ ശ്രുതിയുംതന്നെ. സുകൃതപരിമളത്തിന്നു മനുഷ്യരെ ആകർഷിക്കാനുള്ള ശക്തി അന്യാദൃശമെന്നേ പറയാനുള്ളു.

രാത്രികാലം സമീച്ചു. എന്നാൽ ജനക്കൂട്ടത്തിൽനിന്നു ആരെങ്കിലുംസ്വഗൃഹങ്ങളിലേക്കുമടങ്ങുന്നതിനുവിചാരിച്ചില്ല. ഭക്ഷണത്തിനുള്ളമാഗ്ഗം എന്താണെന്നോ എവിടെ ഉറങ്ങുമെന്നോ ഉള്ളയാതൊരുവിചാരത്തിനും അവർവശംവദരായില്ല. അത്രമാത്രം അവർ മ്ശിഹായാൽ ആകർഷിക്കപ്പെട്ടിരുന്നു. ആ ജനാവലി മുഴുവനും ഒരു കുടുംബത്തിലെ അംഗങ്ങളെന്നപോലെ സന്തോഷത്തോടെ നിദ്രാവശഗരായി.

പിറെറദിവസം നേരം പ്രഭാതമായി. ദിവ്യരക്ഷകൻ വീണ്ടും തന്റെ ഉപദേശങ്ങളെ തുടരുന്നു. ജനങ്ങൾക്കു ഭക്ഷിക്കുന്നതിനു യാതൊന്നും ഇല്ലായിരുന്നു. നിരാഹാരസ്ഥിതി ഇനിയും അവരുടെ ചിന്തയിൽ പെട്ടുന്നില്ല. സ്വഗ്ഗീയമായ പരമരഹസ്യങ്ങളെ പ്രസംഗിക്കയും, സ്വസുഖത്തെ അശേഷം ഗണ്യമാക്കാതെ അവരുടെ നന്മക്കുവേണ്ടി മാത്രം ശ്രമിക്കയും ചെയ്യുന്ന ഒരു പിതാവിന്റെ സാന്നിദ്ധ്യത്തിൽ വിശപ്പ്, ദാഹം മുതലായവ അവർ വിസ്മരിച്ചുപോയതിൽ ആശ്ചയ്യപ്പെടാനില്ലതന്നെ.

ആബാലവൃദ്ധം ജനങ്ങളടങ്ങിയ ആ പുരുഷാരത്തിൽ ഭൂരിപക്ഷം പ്രായേണ നിദ്ധനന്മാർ തന്നെയായിരുന്നു. പകൽ സമയം മുഴുവനും തന്റെ ദിവ്യോപദേശങ്ങളെകേട്ടു സംതൃപ്തരായ ശേഷം രണ്ടാമത്തെ രാത്രിയും അവർ തന്നോടൊന്നിച്ചു ആ വിജനപ്രദേശത്തു കഴിച്ചുകൂട്ടി. മൂന്നാം ദിവസം അവരുടെ ഭവനങ്ങളിലേക്കു അവരെ അയക്കുന്നതിന് ദിവ്യരക്ഷകൻ വിചാരിക്കുന്നു. തന്റെ മക്കളായ ആ ജനങ്ങൾ പൂണ്ണശരണത്തോടെ തന്നിൽ അഭയം പ്രാപിച്ചതിനെ മാതൃസമാനമായ സ്നേഹത്തോടും സന്തോഷത്തോടും കൂടെ ദിവ്യരക്ഷകൻ ഉററു സൂക്ഷിച്ചിരുന്നു. അന്യർ പൂണ്ണമായ മനോവിശ്വാസം പ്രദശിപ്പിക്കുന്നതിനാലുള്ളതുപോലെ ഒരു സന്തോഷം മനുഷ്യഹൃദയത്തിനു മറെറാന്നുകൊണ്ടും ഉണ്ടാകുന്നതല്ല.

നമ്മുടെ ദിവ്യ രക്ഷകൻ തന്നെ അനുഗമിച്ചിരുന്ന ജനങ്ങളുടെ വിശ്വാസത്തെ സ്വല്പമായി ഈ വിധം പരീക്ഷിച്ച് സംതൃപ്തനായി. അതിനാൽ ഒരത്ഭുതംവഴിയായി അവരുടെ നന്മനസ്സിനും യഥാത്ഥവിശ്വാസത്തിനും പ്രതിഫലം നൽകണമെന്നു അദ്ദേഹം നിശ്ചയിച്ചു. നാം എത്രമാത്രം നമ്മുടെ കാര്യങ്ങളെ അവഗണിച്ച് കത്താവിനേ പിൻതുടരുന്നോ അത്രയ്ക്കു ആ കരുണയുള്ള കത്താവ് നമ്മെ കടാക്ഷിച്ചു സംരക്ഷിക്കുന്നു. നാം കത്താവിനെത്തന്നെ ശരണം പ്രാപിച്ചാൽ അദ്ദേഹത്തിന്റെ സകല പ്രവൃത്തികളും നമുക്കുവേണ്ടി ആയിരിക്കുമെന്നുള്ളതിനു സംശയമില്ല.

ശിഷ്യന്മാരെ വിളിച്ച് മ്ശി

ഹാ ഇപ്രകാരം അരുളിച്ചെയ്തു. "ജനക്കൂട്ടത്തിന്മേൽ എനിക്കു സഹതാപമുണ്ട്. അവർ മൂന്നുദിവസം എന്നോടുകൂടെ ആയിരുന്നു. എന്നാൽ അവക്കു ഭക്ഷിക്കുന്നതിനു യാതൊന്നുമില്ല. നാം അവക്കു ഭക്ഷണം നൽകാതെ വിട്ടിരുന്നാൽ വഴിമദ്ധ്യേ അവർ അവശരായിത്തീരും." (മത്തായി. XV. 32.)

പൂർണ്ണമായി ശരണം പ്രാപിക്കാത്തവരും, സ്ഥിരതയില്ലാത്തവരും, സ്വാർത്ഥതല്പരന്മാരുമായ ആളുകൾക്കു എത്രമാത്രം അപ്രതീക്ഷിതമായിട്ടുള്ളതാണു് തന്റെ ഈ വാക്കുകൾ. ക്ഷണഭംഗുരവും, അതൃപ്തികരവും, നിസ്സാരവും ആയ സമ്പത്തിനും, ജനാഭിപ്രായത്തിനുംവേണ്ടി നാം എന്തിനാണു് സൃഷ്ടികളുടെ പിന്നാലെ ഓടുന്നതു്? സകല സന്തോഷത്തേയും പ്രദാനം ചെയ്യുന്ന ഉറവ നമുക്കായി ഒഴുകുമ്പോൾ നാം എന്തുകൊണ്ടാണു് അശുദ്ധതയാൽ നിറയപ്പെട്ട അരുവിയിൽനിന്നു് അത്യാശയോടെ പാനം ചെയ്തു് വീണ്ടും വീണ്ടും നമ്മുടെ ദാഹത്തെ വർദ്ധിപ്പിക്കുന്നതു്? നമ്മിൽ ഓരോരുത്തരെയും കർത്താവു അത്യധികമായി സ്നേഹിക്കുന്നുവെന്നും, വഴിയിൽ തളർന്നുപോകാതെയിരുപ്പാൻ നമുക്കു താൻ ഭക്ഷണം നൽകുന്നുവെന്നുമുള്ള ചിന്ത എത്രയോ ആശ്വാസപ്രദമായിരിക്കുന്നു.

യഥാർത്ഥമായ സ്നേഹം വെറും വാക്കുകളിൽമാത്രം അവസാനിക്കുന്നില്ല. ആരണ്യത്തിൽവച്ചു് ആ വലിയ ജനക്കൂട്ടത്തിനു ഭോജനം നൽകുന്നതു് അസാദ്ധ്യമെന്നു് ശിഷ്യന്മാർ പറയുന്നു. അവക്കുപോലും തങ്ങളുടെ ഗുരുവിന്റെ സ്നേഹവും ശക്തിയും എന്തുമാത്രമെന്നു അറിയുന്നതിനു കഴിഞ്ഞില്ല. തങ്ങളുടെ പക്കൽ ശേഷിച്ചിരുന്ന ഏഴപ്പവും, ചുരുക്കം മത്സ്യക്കഷണങ്ങളും മ്ശിഹായുടെ പക്കൽ അവർ കൊണ്ടുവന്നു. ക്രീസ്തുനാഥൻ അവയെ ആശീർവ്വദിച്ചു അത്ഭുതകരമാംവണ്ണം എല്ലാവക്കും തൃപ്തിയായിഭക്ഷണംകൊടുത്തു. ഏഴുകൊട്ട അപ്പം ശേഷിക്കയും ചെയ്തു. സ്ത്രീകളേയും കുഞ്ഞുങ്ങളേയും കൂടാതെ നാലായിരം ആളുകൾക്കാണു് ഭക്ഷണം നൽകപ്പെട്ടതു. അനന്തരം എല്ലാവരേയും അനുഗ്രഹിച്ചു യാത്രയാക്കുകയും ചെയ്തു. (മത്തായി. XV. 38)

പർവ്വതമുകളിൽവച്ചുണ്ടായ മ്ശിഹായുടെ പ്രേഷകജോലി ഇപ്രകാരം സന്തോഷത്തിലും ആശ്വാസത്തിലും തൃപ്തിയിലും അവസാനിച്ചു. തന്റെ ഉപദേശത്തെ ശ്രവിച്ചുകൊണ്ടിരുന്ന ജനങ്ങളുടെ കളങ്കമററ വിശ്വാസത്താൽ ആ ദിവ്യോപദേഷ്ടാവു് അത്യന്തം സന്തോഷിച്ചു. നാം എല്ലായ്പോഴും പ്രത്യേകിച്ചു് ആപൽഘട്ടങ്ങളിലും ഞെരുക്കങ്ങളിലും നമ്മുടെ ദിവ്യമാതൃകയുടെ ഈ ദൃശകൃത്യങ്ങൾ ഓർക്കുന്നതായാൽ നമുക്കു അനല്പമായ ആശ്വാസത്തിനും മനോധൈര്യത്തിനും സംഗതിയാകുന്നതാണു്

എൽ. സി. ഐസക്കു് ബി. ഏ.

---

## തിരുഹൃദയഭക്തന്മാർ ൲൱൧ വൃശ്ചികമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

### മരണാസന്നരുടെ രക്ഷ.

മനുഷ്യജീവിതത്തിൽ എത്രയും ആപൽക്കരമായ ഒരു ഘട്ടമാണു മരണം. അതു എപ്പോഴാണെന്നും, എവിടെവച്ചാണെന്നും, എങ്ങിനെയാണെന്നും, ആക്കും ഒരു നിശ്ചയവുമില്ലാതെയാണിരിക്കുന്നതു്. പൂർണ്ണസുഖത്തോടേ രാവിലെ വീട്ടിൽനിന്നു പുറപ്പെട്ടവന്റെ മൃതശരീരം സന്ധ്യയ്ക്കു മുമ്പു് ഭവനത്തിലേക്കു ചുമന്നുകൊണ്ടുവരുന്ന സംഭവം എത്ര നാം കണ്ടിരിക്കുന്നു. ആരോഗ്യദൃഢഗാത്രതയോടേ രാ

ത്രി നിദ്രയ്ക്കുപോയിട്ട് പുലർകാലമേ ദീർഘനിദ്രപ്രാപിച്ചവരായി എത്രപേരെ കണ്ടിരിക്കുന്നു. സംസാരിച്ചുകൊണ്ടു നില്ക്കുന്നതിനിടയിൽ ഉരുണ്ടുവീണു ജീവൻ പൊട്ടിഞ്ഞിട്ടുള്ള ആളുകൾ എത്ര? ആകപ്പാടെ ഈ തരത്തിലെല്ലാംകൂടെ പ്രതിദിനം ഒരു ലക്ഷത്തോളം ആളുകൾ മരണം പ്രാപിച്ചു വരുന്നതായിട്ടാണു കണക്കാക്കപ്പെട്ടിരിക്കുന്നതു്. അവരുടെ ആ അന്ത്യനേരം അവരുടെ നിത്യഭാഗ്യത്തിന്റെ അഥവാ നിത്യനിർഭാഗ്യത്തിന്റെ ആരംഭമാണെന്നു പറയേണ്ടതില്ലല്ലോ. അതിനാൽ ആ നേരം യഥായോഗ്യം വിനിയോഗിക്കുന്നതിനു ഭാഗ്യം സിദ്ധിക്കുന്നതു് അനുപമമായ ഒരു ദൈവാനുഗ്രഹമായിരിക്കും. ജീവിതകാലം മുഴുവൻ പാപവഴിയിൽ നടന്നിട്ടുള്ളവരായിരുന്നാലും, ആ സമയത്തു് മനസ്താപത്തോടെ ഒരു നല്ലകുമ്പസാരം കഴിക്കുന്നതിനോ, നേരായ ഒരു ഉത്തമമനസ്താപപ്രകരണം ചെയ്യുന്നതിനോ സാധിക്കുന്നതായാൽ എത്രയോ ഭാഗ്യം! എന്നാൽ നേരേ മറിച്ചു നീതിമാന്മാർക്കടുത്ത ജീവിതം കഴിച്ചശേഷം, അന്ത്യനേരത്തു പിശാചിന്റെ കഠിനപരീക്ഷകൾക്കു കീഴ്പെട്ടുപോകാനിടയാകുകയാണെങ്കിൽ എത്രയോ നിർഭാഗ്യം! ഈവിധസംഭവങ്ങൾ ദുർല്ലഭമല്ലെന്നു അനുഭവസിദ്ധിയാൽ നാം അറിഞ്ഞിരിക്കയും ചെയ്യുന്നു. ആകയാൽ മരണപ്രമാദസമയത്തു പ്രത്യേക ദൈവാനുഗ്രഹത്തിന്റെ ആവശ്യം നമുക്കുണ്ടായിരിക്കുന്നുവെന്നു പൂർണ്ണമായി ഗ്രഹിച്ചുകൊണ്ടു ജീവിതകാലത്തിൽ അതിനായി നാം ഇടവിടാതെ പ്രാർത്ഥിക്കേണ്ടതാകുന്നു. മരണപ്രമാദം അനുഭവിച്ച ഈശോയുടെ ദിവ്യഹൃദയത്തിനു നമ്മുടെ മരണനേരത്തെ കാഴ്ചവച്ചുകൊണ്ടും, നന്മരണമാതാവിന്റെ സങ്കേതത്തിൽ നമ്മേ ഏല്പിച്ചുകൊണ്ടും, നല്ലമരണത്തിന്റെ മദ്ധ്യസ്ഥനായ വിശുദ്ധ യൌസേപ്പു പിതാവിന്റെ മാദ്ധ്യസ്ഥത്തെ അപേക്ഷിച്ചുകൊണ്ടും, മോക്ഷവാസികളുടെ സഹായത്തെ അർത്ഥിച്ചുകൊണ്ടും ജീവിതകാലത്തിൽ ഇതിനായി നാം ശ്രമിക്കുന്നതായാൽ ഭയങ്കരമായ ആ അന്ത്യനേരത്തു് വേണ്ട ദൈവാനുകൂല്യങ്ങൾ നമുക്കുണ്ടാകാതിരിക്കയില്ല. ഇതിനുംപുറമേ പ്രതിദിനം മരണപ്രമാദവേദന അനുഭവിക്കുന്ന ആളുകളെ നമ്മുടെ പ്രാർത്ഥനകളാൽ സഹായിച്ചുകൊണ്ടു ജീവിതകാലത്തിൽ ഇതിലേക്കു നാം സഹായികളെ ശേഖരിക്കുന്നപക്ഷം നമ്മുടെ മരണസമയം അത്യന്തം ആശ്വാസപ്രദമാകുന്നതിനു അതുതന്നെ ഒരു മാർഗ്ഗമായിരിക്കും. "മരണപ്രമാദം അനുഭവിച്ച ഈശോയുടെ തിരുഹൃദയമേ! മരിക്കുന്നവരുടെമേൽ കൃപയായിരിക്കണമേ" എന്നുള്ള ജപം ഈ ഉദ്ദേശത്തോടുകൂടെ ദിവസത്തിൽ പലപ്രാവശ്യം ചൊല്ലിവരുന്നതു ഇതിലേക്കു പകരിക്കുന്ന ഒരഭ്യാസമാണ്. മേല്പറഞ്ഞ പ്രകാരത്തിൽ തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകിച്ച് മരണാസന്നരായ ആത്മാക്കളേ സഹായിപ്പാൻ ശ്രമിക്കണമെന്നു പരിശുദ്ധ പിതാവു് ആഗ്രഹിക്കുന്നു.



## കർമ്മെലനാഥയുടെ കുഞ്ഞുമക്കൾക്ക്

### I. ഡൊമ്നിക്കു സാവ്യോ.

XIII. മരണത്തിനുള്ള ഒരുക്കം.

പ്രിയ കുഞ്ഞുങ്ങളേ,

മനുഷ്യർ ഈലോകത്തിൽ യാത്രക്കാരാണു്. ഇതു നല്ലപോലെ മനസ്സിലാക്കി ജീവിക്കുന്നവർ തങ്ങളുടെ സ്വന്ത നാടായ പരലോകത്തിൽ ചെന്നു

ചേൎന്നല്ലാതെ ഒരാശ്വാസം ഉണ്ടാകുന്നതല്ല. ഇതായിരുന്നു ഡോമ്നിക്കുസാവ്യോയുടെ സ്ഥിതി. അതിനാൽ ചെറുപ്പംമുതൽ വേഗത്തിൽ മരണം പ്രാപിച്ചു സ്വൎഗ്ഗത്തിൽ ചെന്നെത്തുവാൻ ആഗ്രഹിച്ചുവന്ന വിദ്യാലയത്തിലെ കുട്ടികളെല്ലാവരും മാസത്തിൽ ഒരു ദിവസം നന്മരണത്തിനായി ഒരുങ്ങുന്നതിനു വിനിയോഗിക്കണമെന്നു ഡൊൺബോസ്കോഅച്ചൻ ഒരു പതിവേൎപ്പെടുത്തിയിട്ടുണ്ടായിരുന്നു. അന്നു എല്ലാവരും ഒടുവിലത്തേ പ്രാവശ്യമെന്നതുപോലെ പ്രത്യേക ഒരുക്കത്തോടേ കുമ്പസാരിച്ചു ദിവ്യകാരുണ്യം ഉൾക്കൊള്ളുകയും, നിത്യസത്യങ്ങളേപ്പററിയുള്ള ധ്യാനത്തിലും വായനയിലും നേരം ചെലവിടുകയും, ചെയ്തിരുന്നതുകൂടാതെ, കൂട്ടത്തിൽ ആദ്യം മരിക്കുന്ന ആളിനുവേണ്ടി എല്ലാവരും ൧ ആ. ൧ നന്മ നിറഞ്ഞ മറിയവും ചൊല്ലുകയുമായിരുന്നു മുറ.



ഇങ്ങനെയുള്ള ഒരു ദിവസം "ഇന്നത്തേ പ്രാൎത്ഥന ആദ്യം മരിക്കുന്നയാളിനെന്നു നിയോഗിക്കേണ്ട. ഡോമ്നിക്കു സാവ്യോയിക്കു വേണ്ടിത്തന്നേ കാഴ്ചവച്ചാൽ മതി. ഇനി ആദ്യം മരിക്കാനുള്ളതു് ഞാൻ തന്നെയാണു്" എന്നു ഡോമ്നിക്കു നേരമ്പോക്കായിട്ടെന്നപോലെ കൂട്ടുകാരോടു പറയുകയുണ്ടായി. ചുരുക്കിപ്പറഞ്ഞാൽ ഡോമ്നിക്കു അതിൽപ്പിന്നെ നല്ല സുഖമില്ലാതായി. ക്ഷീണം ഒന്നിനൊന്നു അധികരിച്ചു. എങ്കിലും പുണ്യവൎദ്ധനയ്ക്കുള്ള ശുഷ്കാന്തി പൂൎവ്വാധികം വൎദ്ധിച്ചു. "ഇയ്യാണ്ടുതന്നെ എല്ലാം തീൎത്താൽ വരുന്നയാണ്ടു എന്തു ചെയ്യും?" എന്നു ഒരു സ്നേഹിതൻ ചോദിച്ചതിനു "വരുന്നയാണ്ടു ഞാനിവിടെയുണ്ടെങ്കിൽ അപ്പോൾ പറഞ്ഞുകൊള്ളാം." എന്നാണു ഡൊമിനി മറുപടി പറഞ്ഞതു്.

നമ്മുടെ പുണ്യബാലന്റെ ക്ഷീണം കൂടിവരുന്നതു കണ്ടു ഡോൺബോസ്കോ അച്ചനു് വളരെ കുണ്ഠിതമുണ്ടായി. പല വൈദ്യന്മാരെക്കൊണ്ടും അദ്ദേഹം കുട്ടിയേ പരിശോധിപ്പിച്ചു. "എന്തൊരു വിലതീരാത്ത നിക്ഷേപമാണു് നിങ്ങൾക്കു ലഭിച്ചിരിക്കുന്നതു!" എന്നാണു പരിശോധനാനന്തരം ഒരു ഡോക്ടർ ഡോൺബോസ്കോ അച്ചനോടു പറഞ്ഞതു്. എന്താണു് സുഖക്കേടെന്നു അച്ചൻ ചോദിച്ചതിൽ ഒരു ഡോക്ടർ ഇപ്രകാരം മറുപടിപറഞ്ഞു: "ദേഹത്തിന്റെ ബലക്ഷയവും, ബുദ്ധിക്കൂൎമ്മതയും, പുണ്യാഭ്യാസങ്ങളിലുള്ള അതിശ്രദ്ധയും മാത്രമാണു ഇപ്പോൾ പറവാനുള്ള സുഖക്കേടു. സ്വൎഗ്ഗത്തിലേക്കുപോകാൻ ഈ പുണ്യബാലനുള്ള ആഗ്രഹത്തിനു് അനുവദിച്ചുകൊടുത്തേക്കുക തന്നെ ഇതിനുള്ള തക്ക ചികിത്സ. അല്പംകൂടെ അതു താമസിപ്പിക്കാനാണെങ്കിൽ പഠിത്തം മുതലായ ജോലികളെല്ലാം തീരെ നിറുത്തിവയ്ക്കണം."

അതനുസരിച്ചു ഡോൺബോസ്കോഅച്ചൻ ഡോമ്നിയുടെ പഠിത്തം തീൎത്തു നിറുത്തിവച്ചു. എങ്കിലും വിദ്യാലയത്തിൽ തന്നെ താമസിച്ചുകൊള്ളുന്നതിനു് ഡോമ്നിയുടെ ആഗ്രഹപ്രകാരം അദ്ദേഹം അനുവദിച്ചു. അങ്ങിനെ അവിടെ പാൎത്തുവന്ന ദിവസങ്ങളിൽ അവിടെയുള്ള രോഗികളെ ചെന്നു കണ്ടു് പാടുപോലെ ശുശ്രൂഷിക്കയും ആശ്വസിപ്പിക്കയുമായിരുന്നു ഡൊമ്നിയുടെ പ്രധാന ജോലി. പക്ഷേ ചികിത്സകൊണ്ടൊന്നും ഫലമുണ്ടായില്ലെന്നു മാത്രമല്ല ഒന്നിനൊന്നു നമ്മുടെ പുണ്യബാലന്റെ ദേഹബലം ക്ഷയിച്ചുവന്നു. അതിനാൽ വിദ്യാലയത്തിൽനിന്നും സ്വഗൃഹത്തിലേക്കു വിട്ടുപോകേണ്ടതായിത്തന്നെ വന്നുകൂടി. ഡൊമ്മിനിക്കു് ഇതുതീരെ ദുസ്സഹമായിരുന്നു. എങ്കിലും കടശി ദൈവതിരുമനസ്സിനു കീഴ്വഴങ്ങുകയല്ലാതെ നിവൃത്തിയില്ലെന്നായി. പോകുന്നതിനു് തലേദിവ

സം ഡോൺബോസ്കോ അച്ചനുമായി ദീർഘനേരം ആത്മകാര്യം സംബന്ധിച്ചും, മരണത്തേപ്പററിയും സംസാരിക്കയുണ്ടായി. കടശി 1857 മാർച്ചുമാസം 1-ാം തീയതി എല്ലാവരും കണ്ണുനീരു ചിന്തുമാറു ഡോമ്നിയേ രോഗിയായി സ്വഭവനത്തിലേക്ക് കൊണ്ടുപോകയും ചെയ്തു.

## II. ഈ മാസത്തെ മദ്ധ്യസ്ഥ— വി. ചിച്ചിലിയാ.

കന്യകയും വേദസാക്ഷിയുമായ വി. ചിച്ചീലിയായുടെ തിരുനാൾ ഈ മാസം 22-ാം തീയതിയാണ്. റോമായിലുള്ള ഒരു കീർത്തിപെട്ട പ്രഭുവിൻെറ മകളായ ഈ പുണ്യവതി ക്രിസ്ത്വാബ്ദം രണ്ടാം നൂററാണ്ടിൻെറഅവസാനത്തോടേ സത്യവേദത്തേപ്രതി തൻെറ ജീവനേ ബലികഴിക്കയാണുണ്ടായതു്. അജ്ഞാനിയായ ദുഷ്ടരാജാവിൻെറ ദുർമ്മോഹങ്ങൾക്ക സമ്മതിക്കുന്നതിനേക്കാൾ നിർഭയം തൻെറ പ്രാണനേ പരിത്യജിക്കുന്നതിനു ഈ ബാലിക തയാറായി. അതിനാൽ ആത്മാവു ഇപ്പോൾ സ്വർഗ്ഗത്തിൽ ഉന്നത മഹത്വം അനുഭവിക്കുന്നെന്നു മാത്രമല്ല, ഇത്രയേറെ നൂററാണ്ടുകൾകഴിഞ്ഞിട്ടും, ശരീരം കേടുഭവിക്കാതെ പരിമള ശോഭ വീശികൊണ്ടിരിക്കുന്നു. "പാപത്തേക്കാൾ മരണം" എന്നുള്ള നമ്മുടെ ആദർശത്തിൻെറ അർത്ഥം ഇതാണെന്നു നിങ്ങൾ നല്ലപോലെമനസ്സിലാക്കുകയും, പാപത്തിൽനിന്നു എല്ലായ്പ്പോഴും ഒഴിഞ്ഞുനടക്കുന്നതിനായി "വി. ചിച്ചീലിയായേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ" എന്നു യോഗാരംഭത്തിലും അവസാനത്തിലും ഈ മാസം മുഴുവൻ ചൊല്ലിവരികയും ചെയ്യണം.

## III. കെ. സി. സി. എം. ഡയറി.

ദൈവാനുഗ്രഹത്തിൻെറ ലക്ഷണങ്ങൾ തുടൻ കണ്ടുവരുന്നതിനാൽ നമ്മുടെ മദ്ധ്യസ്ഥയായ കൊച്ചുത്രേസ്യാ്യു നിങ്ങൾ വീണ്ടും പ്രത്യേകം ഉപകാരസ്മരണചെയ്യണം. കൊച്ചുത്രേസ്യാ തൻെറ പുഷ്പമഴ കേരളത്തിന്മേൽ വർഷിക്കുന്നുവെന്നുള്ളതിനുയാതൊരു സംശയവുമില്ല. പിരിവുഅയച്ചുതന്നു്, പേരെഴുതിച്ച മുറയ്ക്കു നടന്നുപോരുന്നതായി ബാലന്മാരുടെ 204 സംഘങ്ങളും, ബാലികമാരുടെ 52 സംഘങ്ങളുമുൾപ്പെടെ ഇപ്പോൾ മൂവായിരത്തിലധികം കുഞ്ഞുമക്കൾകർമ്മലനാഥയുടെ ഈ കാപ്പയിൻകീഴ് ചേന്നിട്ടുണ്ടെന്നുള്ളതു മാലാഖാമാർക്കു ആനന്ദവും പിശാചുക്കൾക്ക പരിഭ്രമവും വരുത്താതിരിക്കയില്ല. പ്രിയകുഞ്ഞുങ്ങളെ! ബാലചാപല്യങ്ങൾ ഉപേക്ഷിച്ചു, ദൈവാനുഗ്രഹത്തിൽ ശരണപ്പെട്ടുകൊണ്ടു് നിങ്ങൾ സ്ഥിരമായിരിക്കുക. ദൈവം നിങ്ങളെക്കൊണ്ടു വലിയകാര്യങ്ങൾ നിർവഹിക്കാനിരിക്കുന്നു.

❦ ❦ ❦

ആദ്യംതന്നെ ഇത്തവണ ഒരു സന്തോഷവർത്തമാനം അറിയിപ്പാനുണ്ടു്. എം. സി. എസ്. എൽ. എന്ന പേരിൽ അറിയപ്പെടുന്ന കേരളീയകത്തോലിക്ക വിദ്യാർത്ഥിസംഘത്തേപ്പററിയും, കേരളീയ കത്തോലിക്കരുടെ അഭിവൃദ്ധിക്കുവേണ്ടി നിരന്തരം യത്നിച്ചുവരുന്ന പൂജ്യനായ അതിൻെറ അദ്ധ്യക്ഷൻ റവ. ഫാദർ ഒനോറെ എസ്. ജേ. അവർകളേപ്പററിയും നിങ്ങൾ പലരും കേട്ടിട്ടുണ്ടായിരിക്കണം. വിദ്യാർത്ഥിസംഘം വകയായി രണ്ടുമൂവായിരം രൂപാ ചെലവുചെയ്തു മാജിക്ക് ലാൻേറൺ എന്നു പേരുള്ള നാലുമായാദീപപ്രദർശന യന്ത്രങ്ങൾ വരുത്തുന്നതിനു് ഫാദർഒനോറെഏർപ്പാടുചെയ്തിരിക്കുന്നു. ഉടൻതന്നെ വന്നെത്തുന്നതുമാണു്. ജീവനുള്ളതുപോലെ ആളുകൾ അനങ്ങുകയും നടക്കയും, പ്രവർത്തിക്കയും ചെയ്യുന്നതായി ചിത്രങ്ങൾ വഴികാണിക്കയും അതനുസരിച്ചുള്ള പ്രസംഗങ്ങൾ ചെയ്തു കാണികളെ കാര്യം മനസ്സിലാക്കുകയും ചെയ്യുന്നതിനാണ് ഈ യന്ത്രങ്ങളുടെ ഉദ്ദേശം. നമ്മുടെ കർത്താവിൻെറ ജീവചരിത്രം, വേദത്തെരു

ക്കങ്ങൾ, തിരുസഭാചരിത്രങ്ങൾ, കത്തോലിക്കാ ലോകത്തിലെ ശ്രദ്ധേയമായ ഓരോ സംഭവങ്ങൾ മുതലായവയേ ഈ യന്ത്രങ്ങൾവഴിയായി കേരളത്തിന്റെ നാനാഭാഗങ്ങളിലും ചെന്നു കാണിച്ചു പ്രസംഗങ്ങൾ നടത്തിക്കുന്നതിനു വിദ്യാർത്ഥിസംഘം തീർച്ചയാക്കിയിരിക്കുന്നു. വളരെപ്പണം ചെലവുള്ള ഒരേർപ്പാടാകയാൽ ടിക്കറ്റുവച്ചാണു് എല്ലായിടത്തും കാഴ്ചനടത്താൻ പോകുന്നതു്. എന്നാൽ കുഞ്ഞുമക്കളേക്കൂടെ ഇതിൽ സംബന്ധിപ്പിക്കണമെന്നുള്ള ആഗ്രഹത്താൽ, ഒരു ചെറിയതുക ഞങ്ങൾ സംഭാവന ചെയ്യുന്നപക്ഷം കെ. സി. സി. എ. അംഗങ്ങളേ സൌജന്യമായി ഇതു് കാണിക്കാൻ ദയവുണ്ടാകുമോ എന്നു് ഫാദർ ഒനോരേ അവർകളോടു് ഞാൻ എഴുതിച്ചോദിച്ചതിൽ സസന്തോഷം അദ്ദേഹം അതിനു സമ്മതിച്ചിരിക്കുന്ന വിവരം കൃതജ്ഞതാപൂർവ്വം നിങ്ങളേ അറിയിച്ചുകൊള്ളുന്നു. കുഞ്ഞുങ്ങളാകയാൽ വലിയ തുകയൊന്നും നമ്മേക്കൊണ്ടു സാധിക്കുന്നതല്ലല്ലോ. അതുകൊണ്ടു കെ. സി. സി. എ. സംഘങ്ങളെല്ലാം ഒരു ചക്രം (അരയണ) വീതം എടുത്തുണ്ടാകുന്ന ഒരുതുക ഈ ഡിസംബർമാസത്തിനുമുമ്പു ഫാദർ ഒനോരേ അവർകൾക്കു അയച്ചുകൊടുത്തു് നമ്മുടെ കൃതജ്ഞത പ്രദർശിപ്പിക്കണമെന്നാണു് ഞാൻ ഉദ്ദേശിച്ചിരിക്കുന്നതു്. അതുകയാൽ അടുത്തമാസത്തേ പിരിവോടുകൂടെ എല്ലാ സംഘങ്ങളിൽ നിന്നും ഈ തുകകൂടെ അയച്ചുതരണം. ഈ നിസ്സാരസഹായം ചെയ്യുന്ന എല്ലാ സംഘാംഗങ്ങൾക്കും മായാദീപപ്രദർശനത്തിൽ സൌജന്യമായി സംബന്ധിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ഞാൻ ചെയ്യുന്നതാണു്. രണ്ടോ മൂന്നോ ബാലസംഘങ്ങളുള്ള സ്ഥലങ്ങളിൽ അവരേമാത്രം ഉദ്ദേശിച്ചു പ്രദർശനം നടത്തുന്നതിനും എം. സി. എസ്. എൽ. അദ്ധ്യക്ഷൻ ദയാപുരസ്സരം സമ്മതിച്ചിട്ടുണ്ടു്.

❦ ❦ ❦

രണ്ടാമതു പ്രത്യേകിച്ചു ഇത്തവണ ഒരു കാര്യം പറയാനുള്ളതു വേദപാഠനത്തിനു് കേ. സി. സി. എ. വകയായി കൊടുക്കാൻ കരുതുന്ന മൂന്നു സമ്മാനങ്ങളേക്കുറിച്ചാണു്. ഹൈസ്ക്കൂൾ ക്ലാസുകളിലേക്കു് ഒന്നു്, മിഡിൽ സ്ക്കൂൾ ക്ലാസുകളിലേക്കു ഒന്നു്, മലയാളം ക്ലാസുകളിലേക്കു ഒന്നു്, ഇങ്ങനെ അഞ്ചു രൂപാവീതം മൂന്നുസമ്മാനങ്ങൾ അടുത്ത ആണ്ടവസാനപരീക്ഷയിൽ വേദപാഠത്തിനു ഏററം അധികം ശതമാനംമാർക്കുകിട്ടുന്ന കേ. സി. സി. എ. മെമ്പറന്മാർക്കു് നമ്മുടെ പൊതുഫണ്ടിൽനിന്നു നൽകപ്പെടുന്നതാണു്. ഓരോ സ്ക്കൂളിലും ഇപ്രകാരം അധികം മാർക്കു് ലഭിക്കുന്ന കേ. സി. സി. എ. മെമ്പറായ വിദ്യാർത്ഥി ഇന്നക്ലാസ്സെന്നും ഇത്രശതമാനം മാർക്കു് കിട്ടിയെന്നും മാനേജരുടെയോ ഹേഡ്മാസ്റ്ററുടെയൊ സാക്ഷിസഹിതം ഇവിടെ അറിയിക്കേണ്ടതും ഓരോ ഇനത്തിൽ മുന്നിട്ടുനില്ക്കുന്ന മൂന്നാളുകൾക്കു സമ്മാനം അയച്ചുകൊടുക്കുന്നതുമാകുന്നു. എഴുപത്തഞ്ചു ശതമാനത്തിൽ കുറഞ്ഞാൽ സമ്മാനാർഹന്മാരാകുന്നതല്ല.

❦ ❦ ❦

കുട്ടികളോടു അടുത്താൽ വല്ലാതെ ബുദ്ധിമുട്ടിക്കുമെന്നു് നിങ്ങളുടെ കൊച്ചച്ചനു് അറിയാൻ പാടില്ലായ്കയില്ല. എങ്കിലും കർമ്മലനാഥയുടെ ഈ കുഞ്ഞുമക്കളേ തിരുഹൃദയത്തിൻ പക്കലേക്കു പിടിച്ചു കയററുന്നതിലുള്ള ബുദ്ധിമുട്ടു് ഒരു സന്തോഷമായിട്ടേ കരുതുന്നുള്ളു. പക്ഷേ ബുദ്ധിമുട്ടു അധികമായാൽ വിഷമിച്ചുപോകും. ഇരുനൂററിച്ചില്വാനം സംഘക്കാർ ഓരോ ചില്ലറക്കാര്യത്തിനും എഴുത്തുതുടങ്ങിയാൽ വായിക്കാൻ തന്നെ സാധിക്കാതെവരുമെന്നു നിങ്ങൾ ഓർക്കുന്നില്ലായിരിക്കും! അതിനാൽ സംഘാംഗങ്ങളേ നീക്കുക, അഭിപ്രായവ്യത്യാസങ്ങൾ തീർക്കുക മുതലായി ഓരോ ശാഖാസംഘം സംബന്ധിച്ച എല്ലാക്കാര്യങ്ങളും സ്ഥലത്തേ രക്ഷാധികാരി വഴിയ്ക്കു നടത്തേണ്ടതാണു്. അടുത്ത മേമാസത്തിൽ പ്രസിദ്ധപ്പെടുത്താനുള്ള വാർഷികറിപ്പോർട്ടിൽ ഓരോ ശാഖയുടെയും രക്ഷാധികാരി, അദ്ധ്യക്ഷൻ, സിക്രട്ടറി, ആലോചന

ക്കാർ, സഹായികളായ ബഹുമാനാംഗങ്ങൾ, സാധാരണസാമാജികന്മാർ എന്നിവരുടെ പേരുവിവരം, സംഘം ആരംഭിച്ച തീയതി, നടന്നിട്ടുള്ള സാധാരണവും അസാധാരണവുമായ യോഗങ്ങൾ, പിരിച്ചിട്ടുള്ള പണത്തുക, വിതരണം ചെയ്തിട്ടുള്ള പുസ്തകങ്ങൾ, ഗ്രന്ഥശാലയുടെ നില, നടത്തിയിട്ടുള്ള മററു കത്തോലിക്കപരിശ്രമങ്ങൾ എന്നിവയേപ്പററി ഓരോപേജിൽ കുറയാത്ത ഓരോ വാർഷികറിപ്പോർട്ടു പ്രസിദ്ധപ്പെടുത്താനുള്ളതാകയാൽ അന്നന്നത്തെ വിവരങ്ങളും മാററങ്ങളും ഇപ്പോൾതന്നെ ഇങ്ങോട്ടു അറിയിക്കേണ്ടതില്ല. അതാതു സംഘത്തിന്റെ മിനിററുബുക്കിൽ കുറിച്ചിട്ട്, ഒടുവിൽ ആവശ്യപ്പെട്ടപ്പോൾ അറിയിച്ചാൽമതി. പണം അയക്കുന്ന മണിയോർഡർ കൂപ്പണിൽ തന്നെ അതേ സംബന്ധിച്ച വിവരം ചുരുക്കമായി കുറിക്കുന്നതല്ലാതെ തനിച്ചുവരുന്ന എഴുത്തുകൾ നോക്കാൻ സാധിക്കുന്നതല്ല. പണം അയച്ചു പത്തുദിവസത്തിനകം പുസ്തകങ്ങൾ കിട്ടിയില്ലെങ്കിൽ ഒരു കാർഡുമാത്രം അയക്കണം. ഇങ്ങനെ എഴുത്തുകൾ ചുരുക്കിയില്ലെങ്കിൽ നിങ്ങൾക്കു അനാവശ്യനഷ്ടവും കൊച്ചച്ചനുവെറുതെയുള്ള ബുദ്ധിമുട്ടും നേരിടുമെന്നു് ഒരിക്കൽകൂടെ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

ആളുകൾ വർദ്ധിക്കുമ്പോൾ എല്ലാത്തരക്കാരും ഉണ്ടാകും. എന്നാൽ കുഞ്ഞുങ്ങളേപ്പററി ആരും ആവലാതി പറയാൻ ഇടയാക്കാതിരിക്കത്തക്കവണ്ണം എല്ലാവരും സൂക്ഷിക്കണമെന്നേ എനിക്കു ചുരുക്കത്തിൽ നിങ്ങളോടു അപേക്ഷിക്കാനുള്ളു. കർമ്മേലനാഥ നിങ്ങളേ ആശീർവ്വദിക്കട്ടെ.

എന്നു് നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

# പുതിയ പ്രസിദ്ധീകരണങ്ങൾ.

## 1. നവമാലിക.

ഇൻഡസ്ത്രിയൽസ്കൂൾ പ്രസ്സ് എർണാകുളം

വില 1 ക. 8 ണ.

കേരളീയ കത്തോലിക്കാ സാഹിത്യത്തിനു ഇതേവരെ സിദ്ധിച്ചിട്ടുള്ള പല വിശിഷ്ടകൃതികളിൽ പലതുകൊണ്ടും പ്രാധാന്യത്തേ അർഹിക്കുന്ന ഒന്നാണു് ബാറിസ്റ്റർ മിസ്റ്റർ ജോസഫ് തളിയത്തിന്റെ പ്രസാധകത്വത്തിൽ ഈയിടെ പ്രസിദ്ധീകൃതമായിരിക്കുന്ന വിശുദ്ധ കൊച്ചുത്രേസ്യായുടെ സ്വയംകൃത ജീവചരിത്രതർജ്ജിമ. മനോഹരമായ പടങ്ങളോടുകൂടെ ഭംഗിയായി അച്ചടിച്ച് കമനീയമായി ബയിണ്ടുചെയ്തിട്ടുള്ള നാനൂറോളം പക്ഷങ്ങളടങ്ങിയ ഈ ഗ്രന്ഥം കത്തോലിക്കാ വിദ്യാലയങ്ങളിലും വേദോപദേശപാഠശാലകളിലും സമ്മാനദാനാവസരങ്ങളിലേക്കു സർവ്വഥാ പററിയതുതന്നെ. ബാറിസ്റ്റർ മിസ്റ്റർ തളിയവും ഇൻഡസ്ത്രിയൽ സ്കൂൾ പ്രസ്സുകാരും സകലരുടേയും അഭിനന്ദനത്തിനു സവിശേഷം പാത്രീഭവിക്കുന്നുണ്ടു്.

## 2 ത്രേസ്യാമ്മ.

സെൻറു ജോസഫ്സ് പ്രസ്സ് മാന്നാനം.

വില 12 അണ.

കഥകൾ വായിച്ചു നേരം കളയുന്നതു ഒരുമാതിരി കഥയില്ലായ്മയാണെന്നുള്ള ധാരണയാണു കേരളീയകത്തോലിക്കരുടെ ഇടയിൽ ഇതുവരെ പ്രായേണ ഉണ്ടായിരുന്നതു. എന്നാൽ മനുഷ്യന്റെ ആശയങ്ങളേ ഉയർത്തുന്നതിനും, ജീവിതരീതികളേ ക്രമീകരിക്കുന്നതിനും നോവൽ മുതലായ കല്പിതകഥകൾക്കു എത്ര ശക്തിയുണ്ടെന്നും, ശൃംഗാരഗോഷ്ഠികൾകൊണ്ടു മനുഷ്യഹൃദയങ്ങളേ ദൂഷിപ്പിക്കാതെ അവരേ രസിപ്പിക്കാൻ അവസ്സു സാദ്ധ്യമാണെന്നും "ത്രേസ്യാമ്മ" എന്ന ഈ സാമുദായികനോവൽകൊണ്ടു പലക്കും ബോദ്ധ്യപ്പെട്ടിരിക്കുന്നു. കരോട്ടു മിസ്റ്റർ ജോ

ർജ്ജ നസ്രാണിദീപികയിൽ തുടർച്ചയായി മുമ്പു പ്രസിദ്ധപ്പെടുത്തിയിരുന്ന ഈ കൃതി ഇപ്രകാരം പുസ്തകരൂപേണ കത്തോലിക്ക ലോകത്തിനു പ്രദാനം ചെയ്തതിലേക്ക ഗ്രന്ഥകാരൻ പ്രത്യേകിച്ചും അഭിനന്ദനാർഹനാണ്. ഏതദ്വിഷയത്തിൽ മിസ്റ്റർ ജോർജ്ജ് ഇനിയും തുടൎന്നു പരിശ്രമിക്കണമെന്നു ഈ തരുണത്തിൽ അദ്ദേഹത്തോടു ഞങ്ങൾക്ക ഒരു അപേക്ഷയുണ്ട്.

### 3. തിരുസഭാചരിത്രസംക്ഷേപം.

ഒന്നാം ഭാഗം.

കേരളസന്താനം പ്രസ്സ് ആലപ്പുഴ.
വില ൧രൂ. ൪ അണ.

മലയാളഭാഷയിൽ ശരിയായ തിരുസഭാചരിത്രമില്ലാതിരുന്ന ന്യൂനത ഇതിനിടെ മിക്കവാറും പരിഹരിക്കപ്പെട്ടു കാണുന്നതു് പലൎക്കും ചാരിതാൎത്ഥ്യജനകമായിരിക്കുമല്ലോ. റവ. ഫാദർ ഇഗ്നേഷ്യസ് ടി. ഒ. സി. ഡി. അവർകളുടെ ദീൎഘനാളത്തെ സ്ഥിരോത്സാഹത്തിന്റെ ഫലമായി പ്രസിദ്ധീകൃതമായിരിക്കുന്ന സഭാചരിത്രത്തിന്റെ ഒന്നാംഭാഗമാണ് ഞങ്ങളുടെമുമ്പിൽ ഇരിക്കുന്നതു്. പതിനൊന്നാംനൂറ്റാണ്ടുവരെയുള്ള ചരിത്രഭാഗങ്ങൾ ഇതിൽ സാമാന്യം വിസ്താരമായി പ്രതിപാദിച്ചിട്ടുണ്ട്. കൎണ്ണാടകഭാഷയിൽനിന്നു വിവൎത്തനം ചെയ്തിട്ടുള്ള ഒരു ഭാഷാന്തരകൃതിയാണിതെങ്കിലും മറ്റു പല ചരിത്രോല്പത്തിസ്ഥാനങ്ങളേയും ഗ്രന്ഥകാരൻ ആശ്രയിച്ചിട്ടുള്ളതിനാൽ ഇതരഭാഷാചരിത്രങ്ങളേ അപേക്ഷിച്ചു പരിപുഷ്ടമായ ഒരു കൃതിയാണ് നമുക്ക ലഭിച്ചിട്ടുള്ളതു്. രണ്ടാംഭാഗവും ഏറക്കുറെ തീൎന്നിട്ടുള്ളതായറിഞ്ഞു സന്തോഷിക്കയും, ഫാദർ ഇഗ്നേഷ്യസ് അവർകളേ ഞങ്ങൾ ഹാൎദ്ദമായി അനുമോദിക്കയും ചെയ്തുകൊള്ളുന്നു.

### 4. സുവിശേഷവും വേദപാഠവും

എം. സി. എസ്സ്. എൽ. ജനറൽസെക്രട്ടറി
മാന്നാനം. വില ഒരണ.

കേരളീയകത്തോലിക്ക് വിദ്യാൎത്ഥിസംഘം വകയായി പ്രസിദ്ധീകരിച്ചു തുടങ്ങിയിട്ടുള്ള 'സുവിശേഷവും വേദപാഠവും' എന്ന ലഘുലേഖാപരമ്പരയുടെ ഒന്നും രണ്ടും നമ്പരുകൾ സസന്തോഷം സ്വീകരിച്ചിരിക്കുന്നു. ഫ്റഞ്ചുഭാഷയിലുള്ള ഒരു പ്രഖ്യാതകൃതിയെ റവ. ഫാദർ ഒനോരെ അവർകൾ ഇംഗ്ലീഷിലേക്ക ഭാഷാന്തരം ചെയ്തിട്ട് അതിനെ മലയാളത്തിൽ തൎജ്ജിമ ചെയ്യുന്നതാണ് പ്രസ്താവിത ഗ്രന്ഥപരമ്പര. നമ്മുടെ യുവജനങ്ങൾക്ക അവശ്യാവശ്യമായ വേദപുസ്തകപരിജ്ഞാനവും, അതോടുകൂടെ വേദസിദ്ധാന്തവ്യുല്പത്തിയും ഉണ്ടാകുന്നതിനു ഈ ചെറുപുസ്തകങ്ങൾ അത്യന്തം പ്രയോജകീഭവിക്കുമെന്നു കാണുന്നതിൽ ഞങ്ങൾക്കുള്ള കൃതാൎത്ഥത അനല്പമാണ്. കത്തോലിക്ക വിദ്യാലയങ്ങളിൽ ഈദൃശകൃതികൾ വേദാദ്ധ്യയനത്തിനു പാഠ്യപുസ്തകങ്ങളായിക്കാണ്മാൻ ഇനിയെങ്കിലും ഇടയാകുമെന്നു പ്രതീക്ഷിക്കാം.

### 5. സംഗീതമണികൾ.

ശാസ്താംകോട്ട. ഏ. ആന്റനി ഫർണാണ്ടസ്. കൊല്ലം.

വിവിധ രാഗങ്ങളിലായി ഏതാനും ഭക്തഗീതങ്ങളാണ് ഈ ചെറിയ പുസ്തകത്തിലടങ്ങിയിരിക്കുന്നതു്. ശൃംഗാരഗാനങ്ങൾ തേടിനടക്കുന്ന ബാലികാബാലന്മാരുടെ ശ്രദ്ധ ഈവിധ നല്ല 'സംഗീതമണി'കളിൽ പതിഞ്ഞുകാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

---

ജോനകനാരങ്ങാനീരും കുവളത്തില ഇടിച്ചുപിഴിഞ്ഞ നീരും എണ്ണയും വെണ്ണയുംകൂടി തളികപ്പുറത്തിട്ടു ചാലിച്ചു ഇരുകണ്ണിലും എഴുതുക. ചെങ്കണ്ണു തൽക്ഷണം ശമിക്കുന്നതാണ്.

കാഞ്ഞിരത്തിന്റെ കിളുന്തു അരച്ചു കുരുമുളകു പ്രമാണം ഗുളികയുരുട്ടി സേവിച്ചാൽ മൂത്രം ചുടീൽ ഭേദപ്പെടും. ഇതു ആഴ്ചയിൽ ഒരിക്കൽമാത്രമേ സേവിക്കാവൂ. അല്ലെങ്കിൽ അപകടങ്ങൾ നേരിടുന്നതാണ്.

മനയോല, ചുണ്ടവേർ, ഇവസമം പൊടിച്ചു ശൎക്കരയിൽ ഭേദിച്ചിട്ടാൽ കഴിനഖം ശമിക്കും. "ധന്വന്തരി"

# വർത്തമാന സംഗ്രഹം.

## കേരളം.

തിരുവിതാംക്കൂർ നിയമസഭയുടെ ഇത്തവണത്തെ യോഗം തുലാം 17-ാംതീയതിമുതൽ ഏഴ ദിവസത്തേയ്ക്കു നടക്കുന്നതാണ്.

കണ്ടത്തിൽ മാർ അഗുസ്തീനോസു മെത്രാപ്പോലീത്താതിരുമനസ്സിലേക്കു റോമിൽവച്ചുണ്ടായ അസ്വാസ്ഥ്യം നിമിത്തമുള്ള ക്ഷീണം നീങ്ങുന്നതിലേക്കു തിരുമേനി ഒരുമാസത്തേയ്ക്കു സ്വസ്ഥമായി കൊരട്ടിപ്പള്ളിയിൽ എഴുന്നള്ളി താമസിക്കുന്നതിനു തീർച്ചയാക്കിയിരിക്കുന്നു.

കൊല്ലം മെത്രാനച്ചൻ തിരുമനസ്സിലെ മെത്രാൻപട്ടത്തിന്റെ രജതജൂബിലി നവംബർ മാസത്തിൽകൊണ്ടാടുന്നതിനു വേണ്ട ഒരുക്കങ്ങൾ പ്രസ്തുതരൂപതയിൽ ധ്രുതഗതിയിൽ നടന്നുവരുന്നതായറിയുന്നു.

സ്ഥാനമൊഴിഞ്ഞ കൊച്ചിമഹാരാജാവു തിരുമനസ്സിലെ ഷഷ്ട്യബ്ദപൂർത്തിസ്മാരകമായി എറണാകുളത്തു സ്ഥാപിച്ചിട്ടുള്ള മാർബിൾപ്രതിമ മദ്രാസ് ഗവർണ്ണർ അവർകൾ ഒക്ടോബർ 13-ാംനു- ആഘോഷപൂർവ്വം അനാഛാദനം ചെയ്തിരിക്കുന്നു. പ്രസ്തുതപ്രതിമയ്ക്കു 1300 പവൻ ചെലവായിട്ടുണ്ടെന്നു കാണുന്നു.

തൃശ്ശൂർ പുത്തൻപേട്ടയിൽ കത്തോലിക്കർക്കു ഒരു പുതിയ ദേവാലയം അനുവദിക്കുന്നതിനു പല തടസ്സങ്ങൾ നേരിട്ടെങ്കിലും കടശി പല ഇടവകക്കാരുടെ സങ്കട ഹർജികളും പ്രതിഷേധങ്ങളും കൊണ്ടു കൊച്ചി മഹാരാജാവു് കാര്യത്തിന്റെ ഗൌരവം മനസ്സിലാക്കി ദേവാലയത്തിനു അനുമതി നൽകുകയും, ഒക്ടോബർ 10-നു- ശനിയാഴ്ച തൃശ്ശൂർ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു അതിന്റെ ഉൽഘാടനകർമ്മം നിർവഹിക്കയും ചെയ്തിരിക്കുന്നു. പുതിയ ദേവാലയവും വ്യാകുലമാതാവിന്റെ നാമത്തിലാണ് സ്ഥാപിതമായിരിക്കുന്നതു്.

## ഇൻഡ്യാ.

വിസിറ്റർ അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു് സിംലായിൽവച്ചു വൈസറോയി അവർകളുടെ ആതിഥ്യം സ്വീകരിച്ചതായും ഒക്ടോബർ 25-ാംനു- ഭയോടേ തിരുമേനി ലാഹോറിൽ എത്തിയതായും അറിയുന്നു.

ബോംബേ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു വീണ്ടും റോമായിലെത്തി പരിശുദ്ധ പിതാവിനെ സന്ദർശിച്ചശേഷം ഇൻഡ്യയിലേക്കു തിരിച്ചിരിക്കുന്നു. വഴിമദ്ധ്യേ പലസ്തീനായും സന്ദർശിച്ചിട്ടു ഈ മാസാരംഭത്തോടെ തിരികെ എത്തുമെന്നറിയുന്നു.

പരേതനായ സ്വാമിക്കണ്ണുപിള്ളയവർകൾക്കു പകരം മദ്രാസ് നിയമസഭാ പ്രസിഡണ്ടായി പച്ചയപ്പാസ് കോളജു പ്രിൻസിപ്പാളും ഉത്തമ കത്തോലിക്കനുമായ മിസ്റ്റർ എം. രത്നസ്വാമി അവർകളെ കഴിഞ്ഞമാസം 7-ാംനു- തെരഞ്ഞെടുത്തിരിക്കുന്നു.

മദ്രാസ് സർവ്വകലാശാലയുടെ ഇക്കഴിഞ്ഞ സെനറ്റുമീററിങ്ങിൽവച്ചു മിസ്റ്റർ മാധവയ്യ എന്ന മെമ്പർ ഒരു പ്രസംഗം ചെയ്തുകഴിഞ്ഞ ഉടനേ പെട്ടന്നു വീണു നിര്യാതനായിരിക്കുന്നു.

## ഇററലി.

അടുത്ത ഡിസംബർ 24-ാംനു- പരിശുദ്ധപിതാവു് തിരുമനസ്സുകൊണ്ടു് പത്രോസിന്റെ ദേവാലയത്തിലെ വിശുദ്ധവാതിൽ യഥാക്രമം അടയ്ക്കുന്നതും ജൂബിലിവത്സരം അവസാനിപ്പിക്കുന്നതുമാണെന്നു വിജ്ഞാപനം ചെയ്തിരിക്കുന്നു.

ഡിസംബർ 31-ാംനു- വ്യാഴാഴ്ച മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് പത്രോസിന്റെ ദേവാലയത്തിൽ ഒരു പൊന്തിഫിക്കൽ കുർബാന അർപ്പിക്കുന്നതും, തദവസരത്തിൽ "മ്ശിഹായുടെ സാമുദായികരാജാധിപത്യം" പ്രഖ്യാപനം ചെയ്യുന്നതും, പ്രസ്തുതനാമത്തിൽ ഒരു പുതിയ തിരുനാൾ ഏർപ്പെടുത്തുന്നതുമാണെന്നറിയുന്നു. ഇതിനേ സംബന്ധിച്ചു താമസിയാതെ ഒരു തിരുവെഴുത്തു് പുറപ്പെടുന്നതാണ്.

ഇരുപത്തഞ്ചുകൊല്ലത്തിലധികം കാലം ഇൻഡ്യയുടെ ഡെലഗാട്ടപ്പസ്തോലിക്കയായിരുന്നശേഷം റോമിലെത്തി അന്ത്യോക്യാ പാത്രിയർക്കീസു പദം പ്രാപിച്ചിരുന്ന മഹോന്നത ദിവ്യശ്രീ ലദിസ്ലാവൂസ്

മൈക്കൽ സലേസ്കി തിരുമനസ്സുകൊണ്ട് ഒക്ടോബർ 9-ാംനു- 73-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

റോമയിൽ പൂർവ്വക്രിസ്ത്യാനികൾ ദൈവാരാധന നടത്തിയിരുന്നതായി ഭൂമിക്കടിയിലുള്ള വിസ്താരമേറിയ പ്രേതാലയങ്ങളെപ്പററി പലരും കേട്ടിരിക്കുമല്ലോ. ഈയിട ഒരു തീർത്ഥയാത്രാസംഘക്കാർ സാൻലോറേൻസോ എന്ന പേരുള്ള ഒരു ഭൂഗർഭാലയം സന്ദർശിച്ചു. അതിൽ ഏതാനും ആളുകൾ എങ്ങനെയോ കൂട്ടംവിട്ടു വഴി തെററി വെളിച്ചമില്ലാതെ ഇരുട്ടിൽ അകപ്പെടുവാൻ ഇടയായി. പല വഴിചുററി നടന്നിട്ട് ഒടുവിൽ അല്പം വെളിച്ചം കണ്ട ഒരു സ്ഥലത്തുകൂടെ മരണസംഭ്രമത്തോടേ അവർ വെട്ടിപ്പൊളിച്ച് പുറത്തിറങ്ങി. അവർ കയറിയ പ്രവേശദ്വാരത്തിൽനിന്നു വളരെ ദൂരെയുള്ള റോമൻ സിമിത്തേരിയിലാണ് അവർ ചെന്നിറങ്ങിയത്. ഭൂമിക്കടിയിൽ നിന്ന് അപ്രതീക്ഷിതമായി പുറപ്പെട്ടുവന്ന ഈ ആളുകളെക്കണ്ടു സിമിത്തേരിയിലുണ്ടായിരുന്നവർ ലോകാവസാനം വന്നെന്നു ഭയപ്പെട്ടുഓടിയതായിപറയപ്പെടുന്നു.

റോമയിൽ ഉന്നത വൈദികവിദ്യാഭ്യാസം നടത്തിവന്ന വരാപ്പുഴ അതിരൂപതയിൽപ്പെട്ട ഡോക്ടർ കാട്ടാശ്ശേരി അവർകൾ ഇൻഡ്യയിലേക്കു പുറപ്പെട്ടിട്ടുള്ളതായും നവംബർ 10-ാംനു-യോടെ ഇവിടെ എത്തുന്നതാണെന്നും അറിയുന്നു.

## ഇംഗ്ലണ്ട്.

ഇംഗ്ലണ്ടിലെ പ്രധാന കർമ്മലീത്താ ആശ്രമമായ കെൻസിങ്ങ്ടണിൽ വിശുദ്ധ കൊച്ചുത്രേസ്യായുടെ സ്തുതിക്കായി ഒരു ത്രിദിനജപവും അതിനേത്തുടർന്ന് അഘോഷമായ തിരുനാളും നടത്തിയിരിക്കുന്നു. ലീസോയിൽ ഈ വിശുദ്ധ താമസിച്ചിരുന്ന മഠത്തിലേ കപ്പേളയിൽ ഒരു പൊന്തിഫിക്കാൾ പാടുന്നതിനായി പോയിരുന്ന ബോൺകർദ്ദിനാൾ തിരുനാൾ ദിവസമാണ് തിരിച്ചെത്തിയത്.

വിശുദ്ധ കൊച്ചുത്രേസ്യായുടെ ഒരു വലിയ തിരുശ്ശേഷിപ്പ് കെൻസിങ്ങ്ടൻ ആശ്രമത്തിലേക്കു ലഭിച്ചിട്ടുള്ളതായറിയുന്നു.

---

## മനോഗുണ വിവരങ്ങൾ.

ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന് ഒരു രൂപാ മുമ്പേർ അടച്ചു അപേക്ഷിക്കണം.

തിരുക്കുടുംബത്തിൻെറയും മാർ അന്തോനീസിൻെറയും സഹായത്താൽ എൻെറ സഹോദര സഹോദരിമാരെ കാണ്മാൻ ഇടയായതിനു ഉപകാരസ്മരണ.

കെ. ടി. ജെ. സിലോൺ.

വി. യൌസേപ്പുപിതാവിൻെറയും കൊച്ചുത്രേസ്യായുടേയും സഹായത്താൽ എൻെറ സഹോദരൻ ഇൻറർമിഡിയററ് പരീക്ഷയിൽ ജയിച്ചതിൻെറ കൃതജ്ഞത.

എസ്. എ. ബി. ചങ്ങനാശ്ശേരി.

വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ പ്രാപിച്ച രോഗശമനവിവരം നേർച്ചപ്രകാരം കുസുമത്തിൽ പരസ്യം ചെയ്യാനപേക്ഷ. എ. വി. സി.

കുമരകം നവനസ്രത്തുപള്ളിയിലേ തിരുക്കുടുംബത്തിൻെറ അനുഗ്രഹത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ. വി. എസ്. കുമരകം.

ദൈവജനനിയുടേയും ചെറു കുസുമത്തിൻെറയും സഹായത്താൽ എൻെറ അമ്മയുടെ കഠിനമായ തലവേദന സുഖപ്പെട്ടതിൻെറ കൃതജ്ഞതാ സൂചകം.

വി. പി. ബി. കൊച്ചി.

തിരുക്കുടുംബത്തിൻെറയും വി. അന്തോനീസിൻെറയും സഹായത്താൽ എനിക്കു നേരിട്ട വ്യസനം നീങ്ങി വീട്ടിലെത്തുവാൻ ഇടയായതിനുപകാരസ്മരണ.

എ. സി. സിലോൺ.

തിരുഹൃദയത്തിൻെറയും ദൈവജനനിയുടെയും സഹായത്താൽ എന്നെ ബാധിച്ച ക്ഷയരോഗം ശമിച്ചു കഴിഞ്ഞ സെപ്ററംബറിലെ ഇൻറർമിഡിയററു പരീക്ഷയിൽ ചേരാൻ ഇടയായതിനുപകാരസ്മരണ. വി. ഡി. എം. പാലാ.

ചെങ്ങളത്തു മാർ അന്തോനീസിൻെറ സഹായത്താൽ എൻെറ സഹോദരിയുടെ പ്രസവം സുഖമായി കഴിഞ്ഞതിനു ഉപകാരസ്മരണ.

വി. ജെ. പി. എളങ്ങുളം.

മാന്നാനത്തു വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനുനിയോഗപ്രകാരം കുസുമംവഴിഉപകാരസ്മരണ. ജെ. സി. പി. അതിരമ്പുഴ.

കൊളമ്പിൽ കൊട്ടഹാൻ ഹൌപള്ളിയിൽ വി. അന്തോനീസിന്റെയും കവുർ വി. ഗീവറുഗീസിന്റേയും മദ്ധ്യസ്ഥതയാൽ ഉദ്ദേശസാദ്ധ്യം ഉണ്ടായതിനു ഉപകാരസ്മരണ. എം. എം. പി. സിലോൺ.

തിരുഹൃദയത്തോടുള്ള പ്രാർത്ഥനവഴിയായി എന്റെ രോഗം സുഖപ്പെട്ടതിനും, മാന്നാനത്തു വി. കൊച്ചുത്രേസ്യായുടെ നവനാൾ പീഠത്തിലേക്കയച്ച മൂന്നു പ്രാർത്ഥനകളും സാധിച്ചുകിട്ടിയതിനും ഉപകാരസ്മരണ. എം. വി. വാളക്കയം.

തിരുഹൃദയകാരുണ്യത്താൽ അപകടമുള്ള ഒരു ശസ്ത്രക്രിയ ഗുണപ്പെട്ടതിനും, എനിക്കും എന്റെ കുടുംബത്തിനും എന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്മാർവഴി ലഭിച്ചിരിക്കുന്ന പല മനോഗുണങ്ങൾക്കും ഉപകാരസ്മരണ ചെയ്തുകൊള്ളുന്നു.

എ. എൽ. ജി. സിലോൺ.

ഉണ്ണിയീശോയുടെ ചെറുകുസുമത്തിന്റെ മദ്ധ്യസ്ഥതയാൽ പരീക്ഷയിൽ ജയിച്ചതിനു ഉപകാരസ്മരണ.

എം. സി. എസ്. മുത്തോലി.

തിരുഹൃദയ പ്രതിഷ്ഠാഫലമായും വി. കൊച്ചുത്രേസ്യായുടെ സഹായത്താലും എന്റെ പനി നീങ്ങിയതിന് ഉപകാരസ്മരണ. സി. ജേ. വി. ആലപ്പുഴ.

കർമ്മലനാഥയുടെ സഹായത്താൽ എന്റെ സഹോദരിയുടെ ദീനം കുറവുണ്ടെന്നറിവുകിട്ടിയതിന് ഉപകാരസ്മരണ ചെയ്യുകയും പൂർണ്ണസുഖമാകുന്നതിന് കുസുമവായനക്കാർ പ്രാർത്ഥിക്കണമെന്നപേക്ഷിക്കയും ചെയ്യുന്നു.

എൽ. ആർ. എൽ. സിലോൺ.

എന്റെ കുട്ടിയുടെ അസാദ്ധ്യരോഗം മാർ യൌസേപ്പുപിതാവിന്റെയും, വി. കൊച്ചുത്രേസ്യായുടേയും മാദ്ധ്യസ്ഥതാൽ സുഖപ്പെട്ടതിനു ഉപകാരസ്മരണ ചെയ്യുന്നു. പി. വി. എം. പള്ളിപ്പുറം.

ഗൌരവതരമായ ഒരു സുഖക്കേട് വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ നീങ്ങിയതിനു കൃതജ്ഞത പ്രദർശിപ്പിക്കുന്നു. എഫ് പി. എം. മാറാക്കര.

ചെങ്ങളത്തു മാർ അന്തോനീസിന്റേയും സകല വിശുദ്ധരുടേയും നവനാൾപീഠത്തിൽ പ്രാർത്ഥനവഴിയായി എന്റെ ഭാര്യയുടെ പ്രസവം അപകടംകൂടാതെ കഴിഞ്ഞതിനു ഉപകാരസ്മരണ.

ജെ. ജെ. എം. മണിമല.

പുത്തഞ്ചിറ തിരുക്കുടുംബാശ്രമകപ്പേളയിലെ വി. അന്തോനീസിന്റേയും വിശുദ്ധ കൊച്ചുത്രേസ്യായുടേയും സഹായത്താൽ എന്റെ സഹോദരിയുടെ സുഖക്കേടു നീങ്ങിയതിനും, വേറൊരു സഹോദരിയുടെ നേത്രരോഗം അല്പം ആശ്വാസം കണ്ടതിനും, ഒരു കേസു ഗുണമായി കലാശിച്ചതിനും ഉപകാരസ്മരണ.

എ. എ വി. കുഴിക്കാട്ടുശ്ശേരി.

വി. കൊച്ചുത്രേസ്യായുടേയും മാർ അന്തോനീസിന്റേയും സഹായത്താൽ ലഭിച്ച പല വലിയ മനോഗുണങ്ങൾക്കു ഉപകാരസ്മരണ ചെയ്യുന്നു.

സി. സി. ജെ. ആലപ്പുഴ.

## ചരമവാർത്ത.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

ചേർപ്പുങ്കൽ ഇടവക മുറിഞ്ഞ കല്ലേൽ ബ. തോമ്മാച്ചനവർകളുടെ പിതാവു പോത്തൻ 79 വയസ്സ്.

പുത്തൻതോപ്പുപള്ളിഇടവക ദാവീദു മിരാന്തായുടെ മകൻ ലൂയീസ് മിരാന്ത ഒക്ടോബർ 19—ാംനു- 35 വയസ്സു.

കുടമാളൂർ ഇടവക മാന്നാനത്തു പെരുമാലിൽ ക. നി. മൂ. സ ബ. നിക്കോവോസച്ചൻ അവർകളുടേയും ബ. ലൂയിസച്ചൻ അവർകളുടേയു ഏക സഹോദരി ശ്രീമതി മറിയാമ്മ ഒക്ടോബർ ൧൦—ാംനു- ശനിയാഴ്ച ൮൨ വയസ്സ്.

ചേർപ്പുപള്ളിയിടവക തെക്കിനിയത്തു ചക്കാലയ്ക്കൽ അന്തപ്പൻ അവർകളുടെ മകളും തൃശ്ശൂർ ചേറുക്കാരൻ മി. ഫ്റാൻസീസിന്റെ ഭാര്യയുമായ ശ്രീമതി മറിയാമ്മ. ഒക്ടോബർ 8—ാംനു- 23വയസ്സ്.

# പഞ്ചാംഗം.

---

എപ്പകത്തി ൭.　　　കലി ൫൦൨൭　　　ഞായറാഴ്ച അക്ഷരം . ൨

## ൧൯൨൫ നവംബർ – ൧൧൦൧ തുലാം – വൃശ്ചികം.

ശുദ്ധീകരാത്മാക്കളുടെ വണക്കമാസം.

| | | | | | |
|---|---|---|---|---|---|
| ◐ | 1 | 16 | ഞാ | ✠ പന്ത ൨൨-ാം സകല ശു. ന. ആ. കു. പെ. . ൭൨ ൨ . ൨ | വെ. |
| | | | | പ്ലാശനാപ്പള്ളിയിൽ വി. ത്രേസ്യായുടെ മരണത്തിരുനാൾ. | |
| | | | | ഇന്നുച്ചമുതൽ നാളെ അർദ്ധരാത്രിവരെ ശുദ്ധീകരാത്മാക്കൾക്കുവേണ്ടി കാഴ്ച വെക്കപ്പെടേണ്ടുന്ന 'തോന്ത്യസ് കോപ്യാസ്' എന്ന പൂർണ്ണ ദ. വി. | |
| | 2 | 17 | തി | സകല മരിച്ചവരുടെ ഓർമ്മ. ന. ആ. കു. സകല മരിച്ച | ക. |
| | 3 | 18 | ചൊ | † സക. ശു. എം. ന. ആ. കു. പെ. | വെ. |
| | 4 | 19 | ബു | † അ. മൌ കാർളോസ്സ് ന. ആ. കു. പെ. | വെ. |
| | 5 | 20 | വ്യാ | † യോഹന്നാൻമാംദാ. പിതാ. സ്ഥാറി. ന. ആ കു. പെ. | വെ. |
| | 6 | 21 | വെ | † സകല ശു. ഏം. ന. ആ. കു പെ. | വെ. |
| | 7 | 22 | ശ | സക. ശു. എട്ടാം. ന. ആ. കു. പെ. | വെ. |
| | 8 | 23 | ഞാ | ✠ പന്ത. ൨൩-ാം ഞാ. ന. കു. ആ. . ൨൫ . ൨ . ൫ | പ. |
| | 9 | 24 | തി | ദിവ്യരക്ഷ. പള്ളിക്രൂദാ. ന. ആ കു പെ. | വെ. |
| | 10 | 25 | ചൊ | വേദ. ത്രുപ്പോനും ക്രൂട്ട. ന. ആ. കു. പെ | വെ. |
| | 11 | 26 | ബു | അ. മൌ. മത്തീനോസ്സ് ന. ആ. കു. പെ. . | വെ. |
| | 12 | 27 | വ്യാ | പാ. വേദ. മത്തീനോസ്സ് ന. ആ. കു. പെ. | ച്ച. |
| | 13 | 28 | വെ | † മൌ. സ്തനിസ്ലാവോസ്സ് ന ആ. കു. പെ. | വെ. |
| | 14 | 29 | ശ | മൌ പ്രാംസീസ്സ് അസ്സീസി. ന. ആ. കു. പെ. ഒക്ടോ. ൯. | വെ. |
| ● | 15 | 30 | ഞാ | ✠ പന്ത. ൨൪-ാം ന. ആ കു. ദെന. ൯-ാം . ൨൫. ൧ . ൨ | പ. |
| | | | | പ്രവിത്താനം ശു. മിഖായേൽ മരണത്തിരുനാൾ. | |
| | 16 | 1 | തി | † അന്ത്രയോസ് അവല്ലി. ന. ആ. കു. പെ. ഈ മാ. ൧൦. | വെ. |
| | 17 | 2 | ചൊ | അ. മൌ. അത്ഭുത ഗ്രിഗോരി ന. ആ. കു. പെ. | വെ. |
| | 18 | 3 | ബു | പത്രോ. പൌ. ശ്ലീ. പള്ളി. ക്രൂദ. ന. ആ. കു. പെ. | വെ. |
| | 19 | 4 | വ്യാ | പാ. വേദ. പൊന്തിയാനോസ്സ് ന. ആ. കു. പെ. | ച്ച. |
| | 20 | 5 | വെ | † മൌ. ഫെലീക്സ് ന. ആ. കു. പെ. | വെ. |
| | 21 | 6 | ശ | പ. മറി. മായേൽത്താ. ന. ആ. കു. പെ. | വെ. |
| | 22 | 7 | ഞാ | ✠ പന്ത. ൨൫-ാം ന. ആ. കു. പന്ത. ൨൫ാം . ൭൨ . ൨ . ൨ | പ. |
| | 23 | 8 | തി | പാ. വേ. ക്ലേമീസ് ന. ആ. കു. പെ. | ച്ച. |
| | 24 | 9 | ചൊ | † മൌ. കുരിശിൻ യോഹ. ന. ആ. കു. പെ. | വെ. |
| | 25 | 10 | ബു | ക. വേദ. കത്രീനാ. ന. ആ. കു. പെ. | ച്ച. |
| | 26 | 11 | വ്യാ | അ. വേദ. പത്രോസ് അലക്സ. ന. ആ. കു. പെ. | ച്ച. |
| | | | | മുത്തോലി ആശ്രമത്തിൽ നാല്പതുമണി ആരംഭം. | |
| | 27 | 12 | വെ | † മൌ. ദിദാക്കോസ. ന. ആ. കു. പെ. ഈ മാ. ൧൩. | വെ. |
| | 28 | 13 | ശ | † ക. ജർത്രൂദ് ന. ആ. കു. പെ. ഈ മാ. ൧൬. | വെ. |
| | 29 | 14 | ഞാ | ✠ ആഗമന ൧-ാം ന. കു. ആ. . ൨൫ . ൨ . ൫ | റോ. |
| | | | | മുത്തോലി ആശ്രമത്തിൽ യോഹന്നാൻ ക്രൂസ് തിരുനാൾ. | |
| | 30 | 15 | തി | (✠) ശ്ലീ. അന്ത്രയോസ്സ് ന. കു. പെ. | ച്ച. |

ഇന്നു പാതിരാവിൽ ൨൫ നോമ്പു തുടങ്ങുന്നു.

പിറവിത്തിരുനാളിനു ആസ്ഥപ്പാടായി ൪൦ നന്മനിറഞ്ഞമറിയം പ്രതിദിനം ചൊല്ലി കാഴ്ചവെയ്ക്കുന്ന ഭക്തികൃത്യം ഇന്നു ആരംഭിക്കാം.

---

Printed and published for the Proprieter by P. K. Joseph, at
The St. Joseph's Press, Mannanam. 1925.